


വേരുകൾ

THE ROOTS

A hand book of

Thottappilly Family Association

THOTTAPPILLY

*T*houghtful
*H*onest
*O*ptimistic
*T*rustworthy
*T*hrashing
*A*gile
*P*olite
*P*otential
*I*ntelligent
*L*oving
*L*oyal &
*Y*outhful


Family Association

Reg. No. 142/2003

Karoor, Thrissur, Kerala, India

(For Private Circulation only)
Edited Printed & Published by Adv. Clemence Thottappilly for Thottappilly Family Association at Cicel Offset Printers Chalakudy





Mar James Pazhayattil
Bishop of Irinjalakuda

A.M.D.G

Bishop's House P.B. No. 59
P.O. Irinjalakuda 680 121
Kerala, India.

I have enormous pleasure to hear that ***Thottappilly Family Association*** *is bringing out a Hand Book containing its history and a photo address directory of its family members. It is apposite to commemorate it. I congragulate all who work behind the book. Thank the god almighty for the manifold graces poured upon the family. It is also time for introspection and rededication.*

On this occacasion I would like to remind the thottappilly family members to think of the christian mission entrusted to them. I wish you success and all the blessings of the lord for your future plans. Let the book be an occasion to reflect of the past, to plan for the future and thus organise the work of today.

+ J. Pazhayattil

Mar James Pazhayattil
Bishop of Irinjalakuda

Not on my merits.....



ഞാനൊന്നുപറയട്ടെ.....

പ്രിയപ്പെട്ടവരെ.....

തോട്ടാപ്പിള്ളി തറവാട്ടിലെ കുടുംബക്കാർ ഒത്തുചേരുന്ന പരിപാടികൾ
കുടുംബയോഗങ്ങൾ, കല്ല്യാണങ്ങൾ, മരണാവശ്യങ്ങൾ.....
ഇവിടെ ഒത്തു ചേരുമ്പോൾ മുഖപരിചയം ഉള്ളവർ ഏറെ.....
ഇല്ലാത്തവർ അതിലും ഏറെ.....
ഇന്നോർ ഇന്നോരെന്നറിയാവുന്നവർ ചുരുക്കം....
ആരോട് ചോദിക്കും? എന്ത് ചോദിക്കും? ചോദിച്ചാൽ എങ്ങനെ?
ഇതിനുള്ള പരിഹാര ചിന്തയിൽ നിന്നും ഉടലെടുത്തു

തോട്ടാപ്പിള്ളി തറവാടിന്റെ ചരിത്രം അറിയുന്നതിനും
തോട്ടാപ്പിള്ളി തറവാട്ടുകാരെ തിരിച്ചറിയുന്നതിനും
സൗഹൃദം പുതുക്കുന്നതിനും ഉതകുന്ന ഈ എളിയ സംരംഭം

The Roots (വേരുകൾ)

നിശ്ചിത സമയത്തുതന്നെ പ്രകാശനം ചെയ്യാൻ സാധിച്ചതിൽ
ഏറെ ചാരിതാർത്ഥ്യം ഉണ്ട്

തെറ്റുകൾ മനുഷ്യസഹജം
ഒഴിവാക്കാൻ പരമാവധി പരിശ്രമിച്ചു.
കണ്ണിൽ പെടാതെ അവശേഷിച്ച വല്ലതുമുണ്ടെങ്കിൽ
സദയം ക്ഷമിക്കുമല്ലോ

ഇതിനായി തുനിഞ്ഞിറങ്ങിയപ്പോൾ
പിൻതുണച്ചവർ..... പിൻതിരിപ്പിച്ചവർ.....
പിൻതുണ വാഗ്ദാനം ചെയ്ത് നൽകാതിരുന്നവർ.....
ആദ്യം മടിച്ചവർ, പിന്നെ സഹകരിച്ചവർ .....
ഇങ്ങനെയുള്ളവർ ഏറെയുണ്ട്.

വെല്ലുവിളികളെ തരണം ചെയ്യാൻ മനുഷ്യനുള്ളത്
ഇച്ഛാ ശക്തിയാണ്.
സഹകരിച്ചവരുടെ പിൻബലം
എന്റെ ഇച്ഛാ ശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്.

Editorial Board











വിവരങ്ങളും ഫോട്ടോകളും യഥാസമയം നൽകിയവർ.....
വിവരങ്ങൾ സ്വീകരിക്കാൻ വീടുകൾ തോറും കയറിയവർ.....
പരസ്യങ്ങൾ നൽകിയവർ, ശേഖരിച്ചവർ.....
കുടുംബ ചരിത്രം തയ്യാറാക്കിയ ശ്രീ. ടി. കെ അന്തോണി ഇളയപ്പനും
കമ്മിറ്റി അംഗങ്ങളും
ആശയങ്ങളും നിർദ്ദേശങ്ങളും നൽകിയ
ശ്രീ. ടി. കെ ജോർജ്, ടി. പി. ജോർജ്, ടി.പി. ടോമി, ടി.എൽ. പോളി, ഇളയപ്പൻമാർ....
എഡിറ്റിങ്ങിന് എന്നെ സഹായിച്ച
ക്ലയർ ടി. എ., തോമസ് ടി.വി., ടോമി ടി.എ., ബീന ടോമി, ഡ്രോയി.....
പേരെടുത്ത് പറയാനാണെങ്കിൽ ആൾ ഏറെയുണ്ട് അവർക്കും

സർവ്വോപരി
തോട്ടാപ്പിള്ളി തറവാടിനോട്
അളവറ്റ കാരുണ്യം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന
സ്നേഹനിധിയായ സർവ്വേശ്വരനും
ഹൃദയംഗമമായ..... ആത്മാർത്ഥമായ.....
നന്ദി നന്ദി നന്ദി.

മുന്നോട്ടുള്ള പ്രയാണത്തിലും അവിടുത്തെ ദാനങ്ങൾ ചൊരിയണമെ
പ്രാർത്ഥനയോടെ.....
നിസ്സീമമായ സ്നേഹത്തോടെ
സമർപ്പിക്കുന്നു.

The Roots

അഡ്വ: ക്ലമൻസ് തോട്ടാപ്പിള്ളി
എഡിറ്റർ.

Organisational Profile

തോട്ടാപ്പിള്ളി ഫാമിലി അസ്സോസിയേഷൻ, കാരൂർ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളായ അമ്പൂക്കൻ തോട്ടാപ്പിള്ളി കുടുംബത്തിന്റെ ഔദ്യോഗിക പ്രവർത്തന സംവിധാനമാണ്.

ഇത് 1955 ലെ ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം 142/2003-ാം നമ്പ്രായി രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയായി പ്രവർത്തിച്ചുവരുന്നു.

ഇപ്പോൾ ഏകദേശം 125 ഓളം ഫാമിലി യൂണിറ്റുകൾ അസ്സോസിയേഷനിൽ അംഗങ്ങളാണ്.

അസോസിയേഷൻ അംഗങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം വർദ്ധിപ്പിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിനപ്പുറം സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സൊസൈറ്റി എന്ന നിലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി ചികിത്സാധനസഹായ പദ്ധതികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

Our Vision

തങ്ങൾകൂടി ഭാഗമായിരിക്കുന്ന സമൂഹത്തെ നയിക്കുന്നു.....
പരസ്നേഹത്തിലും സൗഹൃദത്തിലും വസിക്കുന്നു.....
ഒരു കുടുംബ കൂട്ടായ്മയായി.....
ഒരു ക്രിസ്തീയ സമൂഹമായി വളരുക.

Our Mission

തോട്ടാപ്പിള്ളി കുടുംബങ്ങൾക്കിടയിൽ പരസ്പര സൗഹൃദം വളർത്തികൊണ്ട്
കാലോചിതവും നൂതനവും പുരോഗമനപരവും പ്രാവർത്തികവും ആയ
ആശയ പ്രചാരണങ്ങൾ വഴി
കുടുംബങ്ങളുടെ സമഗ്രവളർച്ചക്കുള്ള ചാലക ശക്തിയായി പ്രവർത്തിക്കുക.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വേറിട്ടുനിൽക്കുന്ന
നിശബ്ദമായി സഹിക്കുന്ന മനുഷ്യന്റെ
വേദനകളിൽ ഭാഗഭാക്കായിക്കൊണ്ട്
അവരുടെ വേദനകൾ അകറ്റികൊണ്ട്
അവരെക്കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ
സഹായിക്കുക.

OUR OBJECTIVES

പരസ്പരം ബഹുമാനിക്കുന്ന പരസ്പരം സ്നേഹിക്കുന്ന ക്രൈസ്തവ സ്നേഹത്തിലധിഷ്ഠിതമായ തോട്ടാപ്പിള്ളി കുടുംബ സമൂഹം

കാലോചിതവും നുതനവും പുരോഗമനപരവും പ്രാവർത്തികവും ആയ ആശയങ്ങൾ സംവേദനം നടത്തുന്നതിനുള്ള വേദിയാവുക.

തങ്ങളുടെ കഴിവുകൾ ഉപയോഗിച്ച് സാമൂഹിക പുരോഗതിയുടെ ചാലക ശക്തിയായി പ്രവർത്തിക്കുക.

ജീവിതത്തിൽ ഉന്നതവിജയം നേടുന്നവരെ ആദരിക്കുകയും അംഗീകരിക്കുകയും വഴി മറ്റുള്ളവർക്ക് സ്വന്തം പാത വെട്ടിത്തുറന്ന് മുന്നേറുവാൻ പ്രേരക ശക്തിയായി പ്രവർത്തിക്കുക.

കുട്ടികൾക്കും മുതിർന്നവർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടത്തുക.


തോട്ടാപ്പിള്ളി തറവാട്ടിലെ സന്യസ്ഥർ



ഈനാശു അച്ചൻ



ജോൺ അച്ചൻ



ജോസ് അച്ചൻ



സെബാസ്റ്റിനി



അട്രാക്റ്റ



ബൊനോമി



ആൽബൻ





ഗ്ലാഡീസ്



ജോവിറ്റ



പെറ്റേർണ

അഗസ്തി അച്ചൻ

അഗ്രിക്കോള

ഫിലോ

ആനീസ്

മേരി

ആനി













തോട്ടാപ്പിള്ളി കുടുംബത്തിന്റെ അടിവേരുകൾ

കുടുംബ ചരിത്രം

ആമുഖം

സാംസ്കാരികമായി മുൻപന്തിയിൽ നിൽക്കുന്ന ഏത് സമൂഹവും തങ്ങൾ കടന്നുവന്ന വഴികളെക്കുറിച്ച് അന്വേഷിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്നതിൽ ഉൽസുകരാകാറുണ്ട്. നമ്മുടെ ഇന്നലെകളാണ് ആ ചരിത്രം. ഇന്നുകൾ അനുഭവങ്ങളാണ്. നാളെകൾ നമ്മുടെ സ്വപ്നങ്ങളാണ്. നാളെകളെക്കുറിച്ച് നമുക്ക് ഉയർന്ന സ്വപ്നങ്ങളാണ് ഉണ്ടാകേണ്ടത്. സ്വപ്ന സാക്ഷാത്ക്കാരമായിരിക്കണം നമ്മുടെ ലക്ഷ്യം. ഇന്നലെകളുടെ ചരിത്രം രേഖപ്പെടുത്തുന്നത് നമ്മുടെ പിതാമഹൻമാർ തെളിയിച്ച വഴികളിൽ സ്ഥാപിച്ച നാഴികക്കല്ലുകളിലേക്കുള്ള ചൂണ്ടു പലകകളും വഴിവിളക്കുകളും ആണ്. നമ്മുടെ ലക്ഷ്യപ്രാപ്തിയിലേക്ക് അവ നമുക്ക് സഹായകങ്ങളും ഉത്തേജകങ്ങളും പ്രേരക ചാലകശക്തികളും ആയിരിക്കും എന്ന കാര്യത്തിൽ സംശയത്തിനിടയില്ല.

കാരൂരിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടവയാണ് തോട്ടാപ്പിള്ളി കുടുംബക്കാരുടെ ചരിത്രം. രാജകീയ പ്രൗഢിയോടും പ്രതാപത്തോടും വാഴുന്ന ഈ കുടുംബത്തിൽ മിഡിൽ ക്ലാസിന് താഴെയുള്ള ഒരാൾ പോലും ഇപ്പോൾ ഇല്ല എന്നതും ഒരു കാലത്തും ഉണ്ടായിരുന്നിട്ടില്ല എന്നതും ഈ കുടുംബത്തിന്റെ ഒരു പ്രത്യേകതയാണ്. കാരൂരിൽ ഇന്നുള്ള ഏക സ്കൂൾ തോട്ടാപ്പിള്ളി കുടുംബ കാരണവൻമാർ സ്ഥാപിച്ച് നടത്തിവന്നിരുന്നതാണ് എന്നും ആയത് പിൽക്കാലത്ത് പള്ളിക്ക് സംഭാവനയായി നൽകിയതാണ് എന്നും കാരൂർ മഠവും പള്ളിയോട് ചേർന്നുള്ള കപ്പോളയും കാരൂർ പള്ളിയുടെ പ്രധാന ധനാഗമന മാർഗ്ഗമായ റബർ എസ്റ്റേറ്റിന്റെ ഏതാനും ഭാഗവും തോട്ടാപ്പിള്ളി കുടുംബാംഗമായ ആഗ്സതി അച്ചൻ സംഭാവന ചെയ്ത സ്ഥലങ്ങളാണ് എന്നും, കാരൂർ പള്ളിയിൽനിന്നും തിരിഞ്ഞ് ഷോളയാറിൽ പുതുതായി സ്ഥാപിക്കുന്ന പള്ളി പണിയുന്നതിനാവശ്യമായ സ്ഥലം സംഭാവനയായി നൽകിയത് തോട്ടാപ്പിള്ളി കുടുംബാംഗമായ ടി.ടികുഞ്ഞുവറീത് ആണെന്നും മറ്റും ഉള്ള വസ്തുതകൾ കാരൂർ പള്ളിയുടെ ചരിത്രത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ള സംഗതികളാണല്ലോ.

കാരൂരിൽ ഇന്നുള്ള റോഡുകളിൽ ഏറെയും ഏറെക്കാലം ആളൂർ പഞ്ചായത്ത് പ്രസിഡന്റ് പദവി അലങ്കരിച്ചിരുന്ന തോട്ടാപ്പിള്ളി കുടുംബാംഗത്തിന്റെ സംഭാവനയാണ്.

കാരൂർ ദേശത്ത് നിന്നും ആദ്യം മെട്രിക്കുലേഷൻ പാസ്സായതും ഗ്രാജുവേഷൻ നേടിയതും പോസ്റ്റ് ഗ്രാജുവേഷൻ നേടിയതും പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയതും 25 വർത്തെയും 50 വർഷത്തെയും പ്രേഷിത വേലയ്ക്ക് മാർപാപ്പയുടെ താമ്രപത്രങ്ങൾ നേടിയവരും ഇന്നും കാരൂർ ദേശത്ത് ഉള്ളതിൽ വെച്ച് ഏറ്റവും കൂടുതൽ വിദ്യാഭ്യാസവും അന്തരാഷ്ട്ര ബഹുമതികളും ഇന്ത്യൻ പ്രസിഡന്റിന്റെ ബഹുമതികളും സൈന്യത്തിൽ ഉന്നത പദവികൾ നേടിയതും ആയ വ്യക്തികൾ തോട്ടിപ്പിള്ളി തറവാട്ടിൽ നിന്നുള്ളവരാണ് എന്നുള്ള സത്യം നമ്മുടെ അനുഭവങ്ങളാണല്ലോ. എന്തിനേറെ പറയുന്നു, കാരൂർ സ്കൂളിന് ഒരു സ്റ്റേജിന്റെ ആവശ്യം നേരിട്ടപ്പോൾ പോലും ആയത് നൽകാൻ തോട്ടാപ്പിള്ളി ഫാമിലി അസോസിയേഷൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നതും ഒരു സമീപകാല വസ്തുതയാണല്ലോ.

ഇതിൽനിന്നും കാരൂരിന്റെ സാമൂഹിക മേഖലയിൽ പുരോഗമനപരമായ ചലനം സൃഷ്ടിക്കുന്നതിലും ഭാഗദേയം നിർണ്ണയിക്കുന്നതിലും പ്രധാന പങ്ക് വഹിച്ചിരുന്നവരാണ് തോട്ടാപ്പിള്ളി കുടുംബക്കാർ എന്ന് നിസ്സംശയം പറയാം. ഇന്നലെകളിൽ നമ്മുടെ പിതാമഹൻമാർ നമുക്കായി പ്രതിബിംബങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പിതാമഹൻമാർ തെളിയിച്ച പാത പിൻതുടർന്ന് മുന്നേറാൻ എന്തെങ്കിലും പദ്ധതികൾ ഇന്ന് നമുക്ക് ഉണ്ടോ. പുരോഗതിയുടെ അന്ത്യം അധോഗതിയുടെ ആരംഭമാണ് എന്നത് സത്യമായ ഒരു വസ്തുതയാണല്ലോ? പാരമ്പര്യത്തിന്റെ മേന്മയും പറഞ്ഞ് സുഖ സുഷുപ്തിയിൽ ആണ്ടിരുന്നാൽ പിന്നാലെ വരുന്നവർ മുന്നോട്ട് പോകുന്നതും കണ്ട് നിൽക്കാനെ നമുക്ക് കഴിയൂ. ആകയാൽ നമുക്ക് ചരിത്രത്തിന്റെ ആവേശം ഉൾക്കൊണ്ട് സ്നേഹത്തിന്റെ വെളിച്ചത്തിൽ ഒരുമയുടെ സംഘബലം തീർത്ത് ക്രിയാത്മകമായി പ്രവർത്തിച്ച് മുന്നേറാം.

ചരിത്രം

ക്രിസ്തുവർഷം എ.ഡി. 52ൽ കേരളക്കരയിലെത്തിയ വിശുദ്ധതോമസ് ശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനത്തിന്റെ ഫലമായി കൊടുങ്ങല്ലൂരിലേയും, സമീപപ്രദേശമായ പുത്തൻചിറയിലേയും അനേകം ഉന്നതകുലജാതർ ക്രിസ്തുമതം സ്വീകരിച്ചു. ഈ കാലഘട്ടത്തിൽ പുത്തൻചിറയിലെ ഉന്നത സ്ഥാനീയരായിരുന്ന അമ്പൂക്കൻ കുടുംബം
ഒന്നാകെ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. ഇവിടെ നിന്നാണ് ഇന്നത്തെ സുറിയാനി ക്രിസ്ത്യാനികളായ അമ്പൂക്കൻ കുടുംബത്തിന്റെ ആരംഭം.

ഇന്നത്തെ തോട്ടാപ്പിള്ളി കുടുംബത്തിന്റെ ആരംഭം 1789 - കാലഘട്ടത്തിലെ ടിപ്പുസുൽത്താന്റെ പടയോട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഏകദേശം ആയിരത്തോളം ക്രിസ്ത്യാനികളും 6 വൈദികരും പുത്തൻചിറയിൽ ഉണ്ടായിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന പുത്തൻചിറയിൽനിന്നും അവർ ആത്മരക്ഷാർത്തം മാനാഞ്ചേരി, പൊയ്യ എന്നീ പ്രദേശങ്ങളിലേക്ക് ഓടിപ്പോവുകയുണ്ടായി. ഇതിൽ കുറച്ചുപേർ ക്ഷാമവും രോഗവും മൂലം മരിച്ചു. ശേഷിച്ചവരിൽ കുറച്ചു പേർ മാത്രം പുത്തൻചിറയിൽ തിരിച്ചുവന്നു.

ഇതിൽ അമ്പൂക്കൻ വീട്ടുകാർ തരകന്റെ പറമ്പിലാണ് താമസമാക്കിയത്. ഇങ്ങനെയാണ് അമ്പൂക്കൻ തരകംപറമ്പിൽ കുടുംബത്തിന്റെ ആരംഭം. തരകംപറമ്പിൽ കുടുംബം കാലക്രമേണ വളർച്ച പ്രാപിച്ചപ്പോൾ അതിൽ ഉൾപ്പെട്ട ഒരു കാരണവർ കുഴിക്കാട്ടുശ്ശേരി ഭാഗത്ത് കാടും മരങ്ങളും നിറഞ്ഞുനിന്നിരുന്ന വിശാലമായ പറമ്പുവാങ്ങി അവിടെ താമസമാക്കി. അവർ അമ്പൂക്കൻ കാട്ടിൽ എന്ന പേരിൽ അറിയപ്പെട്ടു.

അമ്പൂക്കൻ തറവാട്ടിലെ തന്നെ പാലി എന്ന മറ്റൊരു കാരണവർ കാരൂർ പ്രദേശത്ത് വന്ന് 25 ഏക്കറോളം വരുന്ന തോട്ടാപ്പിള്ളിപ്പറമ്പ് വാങ്ങിച്ച് അതിൽ താമസമാക്കി. അങ്ങിനെ ഈ കാരണവർ അമ്പൂക്കൻ തോട്ടാപ്പിള്ളി എന്ന വീട്ടുപേരിൽ അറിയപ്പെട്ടു തുടങ്ങി. ഈ കാരണവരുടെ പിൻമുറക്കാരാണ് ഇന്നത്തെ തോട്ടാപ്പള്ളി കുടുംബാംഗങ്ങൾ.


ഇങ്ങിനെ കാരൂര് വന്ന് താമസമാക്കിയ അമ്പൂക്കൻ തോട്ടാപ്പിള്ളി എന്ന വീട്ടുപേരിൽ അറിയപ്പെട്ടു പോന്ന പാലിക്ക് രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. കുഞ്ഞുവറീത്, തോമൻ എന്നിവരായിരുന്നു ആൺമക്കൾ.

ആയതിൽ പാലി മകൻ കുഞ്ഞുവറീത് ഒല്ലൂർ മേച്ചേരി തറവാട്ടിൽനിന്നും മാത്തിരിയെ വിവാഹം ചെയ്തു. അവർക്ക് അന്നംകുട്ടിയെന്ന ഒരു മകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അന്നംകുട്ടിയെ കൊടകരയിൽ കൊളപ്രൻ മാത്തുണ്ണി വിവാഹം ചെയ്തു.


ആയതിൽ പാലി മകൻ തോമൻ കറുകുറ്റിയിൽ പൈനാടൻ തറവാട്ടിൽനിന്നും ചെറിയാൻ വർക്കി മകൾ റോസ്സയെ വിവാഹം കഴിച്ചു. ഇവർക്ക് 5 ആൺമക്കളും 3 പെൺമക്കളും ഉണ്ടായി. പെൺമക്കളിൽ അന്നത്തെ ഒല്ലൂർ അക്കര കുഞ്ഞുവറീതും ത്രേസ്യയെ പടിഞ്ഞാറെ ചാലക്കുടി ഉള്ളാട്ടിക്കുളം പൈലോതും കൊച്ചുമറിയത്തെ ഇരിങ്ങാലക്കുട കാറളത്തുകാരൻ ഔസേപ്പും വിവാഹം ചെയ്തു. അമ്പൂക്കൻ തോട്ടാപ്പിള്ളി തോമന്റെ ആൺമക്കൾ 1. ഈനാശു, 2. കുഞ്ഞിപ്പാലു 3. കൊച്ചൗസേപ്പ് 4. കുഞ്ഞിതോമൻ 5. അഗസ്തി എന്നിവരായിരുന്നു ആൺമക്കളിൽ ഇളയ സഹോദരൻ അഗസ്തി പട്ടം സ്വീകരിച്ച് വൈദികനായി. ഇദ്ദേഹമാണ് പിന്നീട് തോട്ടാപ്പിള്ളി ആഗസ്തി അച്ചൻ എന്നറിയപ്പെട്ടത്.

അമ്പൂക്കൻ തോട്ടാപ്പിള്ളി തോമൻ മക്കളായ 1. ഈനാശു, 2. കുഞ്ഞിപ്പാലു 3. കൊച്ചൗസേപ്പ് 4. കുഞ്ഞിതോമൻ എന്നിവർ പിന്നീട് ഭാഗം ചെയ്ത് പിരിഞ്ഞതിൽ വെച്ച് ഈനാശു കേളംകൈത എന്ന പേരിലുള്ള പറമ്പിലും, കുഞ്ഞിപ്പാലു തോട്ടാപ്പിള്ളി എന്ന പേരിലുള്ള പറമ്പിലും, കൊച്ചൗസേപ്പ് പഴൂപറമ്പ് എന്ന പേരിലുള്ള പറമ്പിലും കുഞ്ഞിതോമൻ ഇത്തളേത്ത്പറമ്പ് എന്ന പേരിലുള്ള പറമ്പിലും വീടുവെച്ച് താമസമാക്കി. ആയതിനാൽ മേൽപ്പറഞ്ഞ ഒരോരുത്തരുടയെും വംശാവലിയെ തിരിച്ചറിയുന്നതിനായി അവരവരുടെ പറമ്പുകളുടെ പേരുകൾ കൂട്ടിചേർത്ത് പറയാൻ ആരംഭിച്ചു. ഇങ്ങനെ ഈനാശുവിന്റെ പിൻമുറക്കാരെ തോട്ടാപ്പിള്ളി കോളംകൈത പറമ്പുകാർ എന്നും കുഞ്ഞിപ്പാലുവിന്റെ പിൻമുറക്കാരെ തോട്ടാപ്പിള്ളി പറമ്പുകാർ എന്നും കൊച്ചൗസേപ്പിന്റെ പിൻമുറക്കാരെ തോട്ടാപ്പിള്ളി പഴൂപറമ്പുകാർ എന്നും കുഞ്ഞിതോമൻന്റെ പിൻമുറക്കാരെ തോട്ടാപ്പിള്ളി ഇത്തളേത്തുപറമ്പുകാർ എന്നും വിളിച്ചുപോന്നു. ഇവരുടെ മൂന്ന്, നാല്, അഞ്ച് തലമുറകളിൽ പെട്ടവരാണ് ഇന്നത്തെ അമ്പൂക്കൻ തോട്ടാപ്പിള്ളി കുടുംബത്തിലെ അംഗങ്ങൾ.

തോട്ടാപ്പിള്ളി കുംബത്തിലെ ആദ്യ കാരണവരായ പാലിയുടെ വംശാവലി



കോളംകൈതപറമ്പുകാർ


തോമൻ
ഈനാശു
പോൾ
ആന്റു
റോസി
മർഗ്ഗരീത്ത
ആനി
ചെറിയകുട്ടി
ഈനാശു
കൊച്ചുവാറു
റോസക്കുട്ടി
ഔസേപ്പ്ഉണ്ണി
കൊച്ചാഗസ്തി
ജോൺ (ഫാ.ജോൺ)
കത്രീന (സി.ആൽബിൻ)
തോമാസ്
പൊറിഞ്ചു
ഈനാശു
ജോസഫ്
യാക്കോബ്
ജോർജ്ജ്
മേരി (സി. ബൊനോമി)
റോസിലി
ആനീസ്
തോമൻ മകൻ
ഈനാശു
കുഞ്ഞുവറീത്
അന്തോണി
ഔസേപ്പ്
ഈനാശു
റോസി
കൊച്ചുത്രേസ്യ
ആനീസ് (സി. ആനീസ് തോട്ടാപ്പിള്ളി)
ലൂവീസ്
റോസി (സി.ജൊവീറ്റ)
ജോസഫ്
ഈനാശു
പോളി
ജോർജ്ജ്ക്കുട്ടി
അമ്മിണി
കൊച്ചുമറിയം
സി.അഗ്നാക്റ്റ
കുഞ്ഞലക്കുട്ടി

ഒന്നാം തലമുറ

1.1. മേൽപറഞ്ഞ തോമൻ മകൻ ഈനാശുവിന്റെ പിൻതുടർച്ചക്കാരാണ് കോളംകൈതപറമ്പുകാർ. ഈനാശു പടിഞ്ഞാറെ ചാലക്കുടി ഉള്ളാട്ടിക്കുളം ചെറിയക്കുട്ടി മകൾ റോസ്സയെ വിവാഹം ചെയ്തു. അവർക്ക് 1) തോമൻ, 2) റോസ്സ, 3) ചെറിയക്കുട്ടി, 4) പൊറിഞ്ചു, 5) കുഞ്ഞുവറീത്, 6) മറിയംകുട്ടി, 7 ലൂവീസ്, 8) കുഞ്ഞിലക്കുട്ടി എന്നീ 8 മക്കൾ ഉണ്ടായി. റോസ്സയെ പരിയാരം കിഴക്കൂടൻ ഔസേപ്പ് കുഞ്ഞിപ്പാലുവും, കുഞ്ഞിലക്കുട്ടിയെ മേലൂർ നെറ്റിക്കാടൻ തോമൻ മകൻ ഔസേപ്പും വിവാഹം ചെയ്തു. മറിയംകുട്ടി കന്യാസ്ത്രീയായി.

1.2. ഈനാശുവിന്റെ മകൻ തോമൻ പടിഞ്ഞാറെ ചാലക്കുടിയിലെ തച്ചുപറമ്പിൽ തറവാട്ടിലെ അന്നത്തിനെ വിവാഹം കഴിച്ചു. ടി അന്നത്തിന്റെ സഹോദരനാണ് പ്രശസ്തനും ഇപ്പോൾ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നതുമായ തച്ചുപറമ്പിലച്ചൻ. ടി അന്നം ഇരിങ്ങാലക്കുട രൂപത മെത്രാനായ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ബന്ധുവുമാണ്. ടി തോമന് ഈനാശു, കുഞ്ഞിപൈലൻ, ആന്റു, റോസി, മർഗ്ഗറി, ആനി എന്നീ 6 മക്കൾ.

1.3. ഈനാശുവിന്റെ മകൻ ചെറിയക്കുട്ടി ഇരിങ്ങാലക്കുട കരയാംപറമ്പൻ വാറു മകൾ റോസയെ വിവാഹം ചെയ്തു. ഇവർക്ക് ഈനാശു, കൊച്ചുവാറു, ഔസേപ്പുണ്ണി, കൊച്ചാഗസ്തി, ജോൺ അച്ചൻ, തോമാസ്, റോസക്കുട്ടി, കത്രീനക്കുട്ടി എന്നീ 8 മക്കൾ .

1.4. ഈനാശുവിന്റെ മകൻ പൊറിഞ്ചു എടക്കുളത്ത് ഊക്കൻ ചാക്കുണ്ണി മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഈനാശു, ജോസഫ്, യാക്കോബ്, മേരി, ജോർജ്, റോസിലി, ആനീസ് എന്നീ 7 മക്കൾ .

1.5. ഈനാശുവിന്റെ മകൻ കുഞ്ഞുവറീത് കാടുകുറ്റിയിൽ ചിറമ്മേൽ മുളംകാട്ടിൽ അന്തോണി മകൾ മറിയംകുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് റോസി, ആന്റണി, ഔസേപ്പ്, കൊച്ചുത്രേസ്യ, ഈനാശു, ആനീസ്സ് എന്ന 6 മക്കൾ.

1.6. ഈനാശുവിന്റെ മകൻ ലൂവീസ് പറവൂർ കാച്ചപ്പിള്ളി പൈലോ മകൾ കൊച്ചുമറിയത്തെ വിവാഹം ചെയ്തു. ഇവർക്ക് റോസി, ജോസഫ്, ഈനാശു, അമ്മിണി, പോളി, ജോർജുകുട്ടി എന്നീ 6 മക്കൾ .

രണ്ടാം തലമുറ

2.1. തോമന്റെ മകൻ ഈനാശു കുറുകുറ്റിയിൽ പാലാട്ടി മാത്തു മകൾ സെലീനയെ വിവാഹം ചെയ്തു. ഈനാശു ഇന്ത്യൻ എയർഫോഴ്സിൽനിന്നും റിട്ടയർ ചെയ്ത് കേരള ടാപിയോക്ക പ്രോഡക്റ്റിന്റെ മാനേജരായിരിക്കെ 52-ാം വയസ്സിൽ മരണമടഞ്ഞു. ഈനാശുവിന്റെ കുടുംബം ചാലക്കുടിയിൽ താമസിച്ചുവരുന്നു. ഇവർക്ക് ജൂലിയസ്, വിൽസൺ, സണ്ണി, ആലിസ്, വത്സ, സൂസി എന്നീ ആറു മക്കൾ .

2.2. തോമന്റെ മകൻ കുഞ്ഞുപൈലൻ (പോൾ) ബി.എ., ബി.എഡ്. പാസായി. നല്ലൊരു ഫുട്ബോൾ കളിക്കാരനായിരുന്നു. സ്വന്തമായി ട്യൂട്ടോറിയൽ കോളേജ് നടത്തിയിരുന്നു. വരാപ്പുഴ തളിയത്ത് പോൾ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഹൈസ്കൂൾ ടീച്ചറായിരിക്കെ 5-3-1974 ൽ മരിച്ചു. ത്രേസ്യാമ്മ ടി.ടി.സി കഴിഞ്ഞ് പ്രൈമറി സ്കൂൾ ടീച്ചറായി വിരമിച്ചു. ഇവർക്ക് ജെയ്സൺ, ജെയ്ബി, ഷീബ, ജസ്റ്റിൻ എന്നീ നാല് മക്കൾ

2.3. തോമന്റെ മകൻ ആന്റു വെണ്ടൂര് മഞ്ഞളി ലോനപ്പൻ മകൾ ഗ്രേയ്സിയെ വിവാഹം ചെയ്തു. ആന്റു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ ആയി വിരമിച്ചു. ഇടവകപള്ളിയിൽ വേദോപദേശ ഹെഡ്മാസ്റ്റർ ആയിരുന്നു. കൂടാതെ പല ഭക്ത സംഘടനകളിലും ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദീർഘകാലം രൂപതയിൽ ഇടവക പ്രതിനിധിയായിരുന്നു. ഇവർക്ക് ക്ലമൻസ്, ക്ലീറ്റസ്, ക്ലയർ, ക്ലിയോ, അനു എന്നീ അഞ്ചു മക്കൾ.

2.4. തോമന്റെ മകൾ റോസിയെ പടിഞ്ഞാറെ ചാലക്കുടി, മൂത്തേടൻ ദേവസി മകൻ കുഞ്ഞുവറീത് വിവാഹം ചെയ്തു. മക്കളില്ല. ഇവർ കൊച്ചി രാജഭരണത്തിന്റെ കാലത്തും കേരള സർക്കാരിനു കീഴ്ലും സർക്കാർ സേവനം അനുഷ്ഠിച്ചശേഷം സബ്ബ് രജിസ്ട്രാർ ആയി റിട്ടയർ ചെയ്തു.


2.5. മർഗ്ഗറിയെ മുല്ലശ്ശേരിയിൽ കാക്കശ്ശേരി പോൾ മകൻ മാത്തുക്കുട്ടി വിവാഹം കഴിച്ചു. ഇവരുടെ മകനാണ് അഡ്വ. തോമസ് രാജ്.

2.6. ആനി ഹോളി ഫാമിലി മഠത്തിൽ ചേർന്ന് സഭാവസ്ത്രം സ്വീകരിച്ച് കന്യാസ്ത്രീ ആയി 12-9-84 ൽ മരിച്ചു. താഴെ കാണുന്ന ഫോട്ടോ ആനി മഠത്തിൽ ചേർന്ന അവസരത്തിൽ എടുത്തതാണ്.



2.7. ചെറിയക്കുട്ടി മകൻ ഈനാശു ആനന്ദപുരം ഇളംകുന്നപുഴ പൗലോത് മകൾ റോസയെ വിവാഹം ചെയ്തു. ഇവർക്ക് യാക്കോബ്, ജോസ്സ്, മേരി, പോൾ, വർഗ്ഗീസ്,

കോളംകൈത ഈനാശു മകൻ തോമന്റെ



റോസിലി, സെബാസ്റ്റ്യൻ, ഫിലോമിന, അഗസ്റ്റിൻ എന്നീ 9 മക്കൾ.

2.8. ചെറിയക്കുട്ടി മകൻ കൊച്ചുവാറു പോട്ടയിൽ പുതുശ്ശേരി കൊച്ചുവറീത് മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് റോസി, ചെറിയാൻ, വിൽസൺ, ഡ്രോയ്, ആനി, മേരി, ലൈസ എന്നീ 7 മക്കൾ.

2.9. ചെറിയക്കുട്ടി മകൻ ഔസേപ്പുണ്ണി (ജോസഫ്) ചേർപ്പിൽ കല്ലൂക്കാരൻ ദേവസ്സി മകൾ റെഡീനയെ വിവാഹം ചെയ്തു. ഇവർക്ക് ഡേവിസ്, ഡാർലി, ബിന്നി എന്നീ 3 മക്കൾ.

2.10. ചെറിയകുട്ടി മകൻ കൊച്ചാഗസ്തി ആളൂർ അരിക്കാടൻ ദേവസ്സിക്കുട്ടി മകൾ റീത്തയെ വിവാഹം ചെയ്തു. ഇവർക്ക് ലിസി,. ബാസ്റ്റ്യൻ, ജോസഫ് എന്നീ 3 മക്കൾ ഉണ്ടായി.

2.11. ചെറിയകുട്ടി മകൻ ജോൺ സി.എം.ഐ. വൈദീകനായി ദീർഘകാലം ക്രൈസ്റ്റ് കോളേജിൽ ലക്ച്ചറർ ആയിരുന്നു. റിട്ടയർ ചെയ്തു

2.12. ചെറിയക്കുട്ടി മകൻ തോമാസ് അവിട്ടത്തൂർ ചിറ്റിലപ്പിള്ളി കോക്കാടൻ കൊച്ചുദേവസ്സി മകൾ റോസിയെ വിവാഹം ചെയ്തു. തോമാസ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ ആയി വിരമിച്ചു. അവരുടെ മക്കൾ റോസിലി, ആനി, സിനി, സിജോ, ലിജോ, ലിന്റോ, ജിജോ .

2.13. പൊറിഞ്ചു മകൻ ഈനാശു ചാലക്കുടിയിൽ പറനിലം തോമൻ മകൾ റോസിയെ വിവാഹം ചെയ്തു. ഇവർക്ക് ലീലറ്റ്, ഫ്രാൻസിസ്, കൊച്ചുത്രേസ്യ, മേരി എന്നീ 4 മക്കൾ.

2.14. പൊറിഞ്ചു മകൻ ജോസഫ് മേലൂർ മുണ്ടയ്ക്കൽ പൗലോസ് മകൾ അന്നത്തെ വിവാഹം ചെയ്തു. രണ്ടു പേരും പ്രൈമറി സ്കൂൾ ടീച്ചേഴ്സായി റിട്ടയർചെയ്തു. ഇവർക്ക് ജോയി, പോൾ, റോസിലി, ജോജോ, ഗ്രേസി എന്ന 5 മക്കൾ.

2.15. പൊറിഞ്ചു മകൻ യാക്കോബ് ഇരിങ്ങാലക്കുട ചിറയത്ത് ആലൂക്ക കൊച്ചുവറീത് മകൾ ലില്ലിയെ വിവാഹം ചെയ്തു. യാക്കോബ് കുടുംബസമേതം കളമശ്ശേരി ചങ്ങമ്പുഴ നഗറിൽ താമസമാക്കി. യാക്കോബ് പോലീസ് സർവീസിലായിരുന്നു. പോലീസ് സൂപ്രണ്ടായി റിട്ടയർ ചെയ്തു. സർവ്വീസിലായിരിക്കെ യാക്കോബിന് ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് താരയെന്ന ഒരു മകളും റോയിയെന്ന ഒരു മകനും.

2.16. പൊറിഞ്ചു മകൻ ജോർജ്ജ് അരിപ്പാലത്ത് ഒല്ലൂക്കാരൻ കൊച്ചുവറീത് മകൾ റോസിലിയെ വിവാഹം ചെയ്തു. ജോർജ്ജ് Double MA & LLB എന്നീ ഡിഗ്രികൾ എടുത്തിട്ടുള്ളയാളാണ്. കൊച്ചിൻ കോളേജിൽനിന്നും പ്രൊഫസർ ആയി റിട്ടയർ ചെയ്തു. ഇവർക്ക് റോജോ എന്ന ഒരു മകൻ ഉണ്ടായിരുന്നത് എഴാമത്തെ വയസ്സിൽ 11-12-78 ൽ മരണമടഞ്ഞു.

2.17. പൊറിഞ്ചു മകൾ മേരി ക്ലാര മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. സി. ബൊനോമി എന്ന് പേര് സ്വീകരിച്ചു.

2.17. പൊറിഞ്ചു മകൾ റോസിലിയെ എറണാകുളത്ത് കോയിത്തറ പാപ്പു മകൻ ജോസഫ് വിവാഹം കഴിച്ചു. ഇവർക്ക് ജോഫി എന്ന ഒരു മകൾ മാത്രം ഉണ്ട്.

2.18. പൊറിഞ്ചു മകൾ ആനീസ് കന്യാസ്ത്രീയായി പെറ്റേർണ എന്ന പേര് സ്വീകരിച്ചു.

2.19. കുഞ്ഞുവറീത് മകൻ ആന്റണി കൊട്ടേക്കാട് കോനിക്കര വറീത് മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ആന്റണി എയർഫോഴ്സ് സർവ്വീസിൽ ചേർന്നു. ഫ്ളൈയിംഗ് ഓഫീസർ റാങ്കിൽ റിട്ടയർ ചെയ്തു. ഇവർക്ക് മേരിക്കുഞ്ഞ്, ജോർജ്ജ്, ജോസ്, ആനി, ട്രീസി, ജോയിസ് എന്നീ 6 മക്കൾ.

2.20. കുഞ്ഞുവറീത് മകൻ ഔസേപ്പ് എറണാകുളത്ത് തേക്കാനത്ത് ജോസഫ് മകൾ തങ്കമ്മയെ വിവാഹം ചെയ്തു. അവർ എറണാകുളത്ത് ഉയർന്ന നിലവാരമുള്ള കോൺട്രാക്ടേഴ്സ് ആകുന്നു. അവർ അവിടെതന്നെ തേവരയിൽ താമസമാക്കി. അവർക്ക് ജോളി, മോളി, ജോയി, ആനി, റോയി എന്നീ 5 മക്കൾ.

2.21. കുഞ്ഞുവറീത് മകൻ ഈനാശു 1971 ൽ പട്ടം സ്വീകരിച്ച് വൈദീകനായി. Lph, L.D.B.A. Bed, SVD ദൈവവചനസഭാംഗമായി ഇൻഡോർ പ്രൊവിൻസിൽ സെമിനാരിയിൽ പഠിപ്പിക്കുന്നു. കൂടാതെ പ്രൊവിൻസിലെ സുപ്പീരിയർ ആയും വടക്കെ ഇന്ത്യയിലെ ഒരു പ്രാധാന സ്ക്കൂളിന്റെ പ്രിൻസിപ്പളായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2.22. കുഞ്ഞുവറീത് മകൾ റോസ്സിയെ കല്ലേറ്റുംകരയിൽ കള്ളി വളപ്പിൽ വറീത് മകൻ യാക്കോബ് വിവാഹം കഴിച്ചു.

2.23. കുഞ്ഞുവറീത് മകൾ കൊച്ചുത്രേസ്യയെ മുല്ലശ്ശേരിയിൽ കാഞ്ഞിരത്തിങ്കൽ വറീത് മകൻ പോൾ വിവാഹം കഴിച്ചു.


2.24. കുഞ്ഞുവറീത് മകൾ ആനീസ്സ് ഹോളി ഫാമിലി മഠത്തിൽചേർന്ന് കന്യാസ്ത്രീയായി. Dr. Sr. ആനീസ് ഇരിങ്ങാലക്കുടയിൽ സെന്റ് ജോസഫ് കോളേജിൽ പ്രൊഫസർ ആയിരുന്നു. റിട്ടയർ ചെയ്തു.

2.25. ലൂവിസ് മകൾ റോസ്സി ക്ലാര മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. സി.ജൊവീറ്റ എന്ന പേർ സ്വീകരിച്ചു.

2.26. ലൂവിസ് മകൻ ജോസഫ് പുതുക്കാട് ചെറുവാളൂക്കാരൻ പാവു മകൾ റാണിയെ വിവാഹം കഴിച്ചു. ജോസഫ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയും റാണി പ്രൈമറി സ്കൂൾ ടീച്ചർ ആയും റിട്ടയർ ചെയ്തു. ഇവർക്ക് മേരിക്കുഞ്ഞ്, വിക്ടർ, വിമൽ റോയ് എന്നീ 3 മക്കൾ.

2.27. ലൂവിസ് മകൻ ഈനാശു ഞാറയ്ക്കൽ കാച്ചപ്പിള്ളി പൈലോ മകൾ മേരിയെ വിവാഹം ചെയ്തു. ഈനാശു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയും മേരി പ്രൈമറി സെക്ഷൻ ടീച്ചർ ആയും റിട്ടയർ ചെയ്തു. ഇവർക്ക് ഷാജൻ, ഷൈനി, പോൾ, ജെസ്ലിൻ എന്ന 4 മക്കൾ.

കോളംകൈത ഈനാശു മകൻ ചെറിയക്കുട്ടിയുടെ



2.28. ലൂവിസ് മകൾ അമ്മിണി (ഏല്യാമ്മ)യെ ഏടക്കുളത്ത് ഔക്കൻ കുഞ്ഞുവറീത് മകൻ ജോൺ വിവാഹം കഴിച്ചു. ജോണിന്റെ സഹോദരങ്ങളാണ് വിഖ്യാതരായ അലക്സ് അച്ചനും പിയൂസ് അച്ചനും.

2.29. ലൂവിസ് മകൻ പോളി MA പാലയിൽ കാപ്പൻ അഡ്വക്കേറ്റ് ചാക്കോ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. രണ്ടു പേർക്കും ESI യിൽ ജോലി. രണ്ടുപേരും റിട്ടയർ ചെയ്തു ഇവർക്ക് സിമ്മി എന്ന ഒരു മകളും ലൂവീസ് എന്ന ഒരു മകനും.

2.30. ലൂവിസ് മകൻ ജോർജ്ജ് കുട്ടി ഇരിങ്ങാലക്കുടയിൽ കാട്ടൂക്കാരൻ മകൾ ലില്ലിയെ (മേരി) വിവാഹം ചെയ്തു. ജോർജ്ജ് കുട്ടി ഉപരിപഠനത്തിനായി ജർമ്മനിയിലായിരുന്നപ്പോൾ അവിടെവെച്ച് മരണമടഞ്ഞു. അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല. ലില്ലി പുനർവിവാഹം ചെയ്തു.

മൂന്നാം തലമുറ

3.1. തോമൻ ഈനാശു മകൻ ജൂലിയസ് ബി.എ., സൗത്ത് ഇന്ത്യൻ ബാങ്കിൽ മാനേജരായി വിരമിച്ചു. ഭാര്യ കല്ലേറ്റും കര ഔക്കൻ ജെയ്ക്കബ് മകൾ ഉഷ ബി.എസ്സി. ബി. എഡ്., പരിയാരം ഹൈസ്കൂൾ ടീച്ചറാണ്. ഇവർക്ക് മകൾ ഇന്ദു- വിവാഹിതയായി. പല്ലൻ ജോസ് മകൻ രാജൻ. മകൻ ദീപക് ഊട്ടിയിൽ എൻജിനീയറിംഗിനു പഠിക്കുന്നു.

3.2. തോമൻ ഈനാശു മകൻ വിൽസൺ കൊരട്ടിയിൽ മഞ്ഞളി ഒസേപ്പ് മകൾ ലിസിയെ വിവാഹം ചെയ്തു. ഇവർക്ക് 3 മക്കൾ ലിവിൻ, ലിന്ന, ലിയോൺ.

3.3. തോമൻ ഈനാശു മകൻ സണ്ണി ദുബായിൽ ജോലി ചെയ്യുന്നു. ആലപ്പുഴക്കടുത്ത് കാവാലം കൊച്ചുപറമ്പിൽ തോമസ്സ് മകൾ ലതയെ വിവാഹം ചെയ്തു. ഇവർക്ക് സ്മിത, സാനിയഎന്നീ രണ്ട് മക്കൾ.

3.4. തോമൻ ഈനാശു മകൾ ആലീസിനെ തൃശൂർ കാഞ്ഞിര പറമ്പൻ ജോസഫ് വാറച്ചൻ വിവാഹം കഴിച്ചു. മകൻ അജു ദുബായിൽ കംമ്പ്യുട്ടർ എൻജിനിയർ മകൾ അമ്പിളി എറണാകുളത്ത് കംമ്പ്യുട്ടർ എൻജിനിയർ. അമ്പിളിയെ ചിറ്റിലപ്പിള്ളി ബ്രഹ്മകുളം ബിപിൻ വിവാഹം ചെയ്തു.

3.5. തോമൻ ഈനാശു മകൾ വത്സ കണ്ടശ്ശാംകടവ് ചാലക്കൽ പത്രോസ് മകൻ ആന്റു വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ വിജി സിവിൽ എൻജിനിയർ ബാഗ്ലൂരിൽ ജോലി. അനിത, അൻജു എൻജിനിയറിങ്ങിന് പഠിക്കുന്നു.

3.6. തോമൻ ഈനാശു മകൾ സൂസിയെ അരിപ്പാലം കാരാത്ര ഔസേപ്പ് മകൻ തോമസ്സ് വിവാഹം കഴിച്ചു. 2 മക്കൾ. മകൻ വിനു മെക്കാനിക്കൽ എജിനിയർ ബോംബേയിൽ ജോലി. മകൾ നീതു MBBS ന് പഠിക്കുന്നു.

3.7. കുഞ്ഞുപൈലൻ (പോൾ) മകൻ ജെയ്സൺ, കമാൻഡർ, അയർകുന്നം മണ്ണുംകൂട്ടിൽ ഗീവർഗ്ഗീസ് മകൾ ബെറ്റിയെ വിവാഹം ചെയ്തു. കമാൻഡർ ജെയ്സൺ കൊച്ചിയിൽ എൻ.സി.സി.യുടെ സെൻട്രൽ സോൺ ഡെപ്യൂട്ടി ഡയറക്ടർ ആണ്. ഇവർക്ക് എമി, ആൻഡ്രേ എന്നീ മക്കളുണ്ട്

3.8. കുഞ്ഞുപൈലൻ (പോൾ) മകൻ ജെയ്ബി മരത്താക്കര നീലം കാവിൽ ചക്കാലക്കൽ അഡ്വക്കേറ്റ് പോൾ മകൾ ജോളിയെ വിവാഹം ചെയ്തു. ജെയ്ബി അപ്പോളോ ടയേഴ്സിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്നു, ജോളി ജെയിബി ബാങ്കിലും ആർച്ച എന്നൊരു മകളും ഐവിൻ, ആബേൽ എന്നീ രണ്ട് ആൺകുട്ടികളുമുണ്ട്.

3.9. കുഞ്ഞുപൈലൻ (പോൾ) മകൾ ഷീബ എം.എസ്.സി., ബി.എഡ്. തുറവൂർ പയ്യപ്പിള്ളി ദേവസി മകൻ ജോയിസ് (MSW, LLM) നെ വിവാഹം കഴിച്ചു. ഷീബ സുൽത്താൻ ബത്തേരിയിൽ ഹൈസ്കൂൾ ടീച്ചറാണ്. ജോയിസ് കൽപ്പറ്റയിൽ ലേബർ ഓഫീസറുമാണ്. ഇവർക്ക് എബി, പോൾ എന്നീ ആൺകുട്ടികളും റോസ്മേരി എന്നൊരു മകളുമുണ്ട്. എബി പ്ലസ്ടുവിനും, പോൾ പത്താം തരത്തിലും പഠിക്കുന്നു.

3.10. കുഞ്ഞുപൈലൻ (പോൾ) മകൻ ജെസ്റ്റിൻ.

3.11. ആന്റു മകൻ ക്ലമൻസ് പോട്ടയിൽ പുതുശ്ശേരി കാട്ടാളൻ ദേവസിക്കുട്ടി മകൾ സിജിയെ വിവാഹം ചെയ്തു. ക്ലമൻസ് ഇരിങ്ങാലക്കുടയിലും ചാലക്കുടിയിലും അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നു. സിജി BA. Bed സ്കൂൾ ടീച്ചറാണ്. ഇവർക്ക് ഐറിൻ എന്ന ഒരു മകളും എഡ്വിൻ എന്ന മകനും ഉണ്ട്. ഐറിനും എഡ്വിനും മാള ഹോളി ഗ്രേയ്സ് സ്കൂളിൽ പഠിക്കുന്നു.

3.12. ആന്റു മകൻ ക്ലീറ്റസ് - ഇരിങ്ങാലക്കുടയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നു. മുക്കാട്ടുകര മേനാച്ചേരി പ്രീതിയെ വിവാഹം കഴിച്ചു. പ്രീതി MA. Bed സ്കൂൾ ടീച്ചറാണ്. ഇവർക്ക് രണ്ട് ആൺമക്കളാണ്. ക്ലിനും, ക്രിസ്റ്റും.

3.13. ആന്റു മകൻ ക്ലയർ B.Tech. തിരൂരിൽ എഞ്ചിനിയറായി ജോലി ചെയ്യുന്നു. അവിവാഹിതൻ.

3.14. ആന്റു മകൻ ക്ലിയോ - മെറ്റ്ലൈഫ് ഇൻഷൂറൻസ് കമ്പനിയിൽ മാനേജരായി തൃശൂരിൽ ജോലി ചെയ്യുന്നു. അവിവാഹിതൻ.

3.15. ആന്റു മകൾ അനു - വിദ്യാർത്ഥി Mphil എറണാകുളം വൈറ്റില ദേശത്ത് കോച്ചപ്പിള്ളി വീട്ടിൽ സിബുവിനെ വിവാഹം കഴിച്ചു.

3.16. ചെറിയകുട്ടി ഈനാശു മകൾ മേരി മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി സിസ്റ്റർ മേരി എന്ന പേര് സ്വീകരിച്ചു.

3.17. ചെറിയകുട്ടി ഈനാശു മകൾ റോസ്ലിലിയെ പുത്തൻചിറപാനികുളം ചെറിയ മകൻ മാത്തപ്പൻ വിവാഹം കഴിച്ചു.

3.18. ചെറിയകുട്ടി ഈനാശു മകൾ ഫിലോമിന മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി സിസ്റ്റർ ഫിലോ തോട്ടപ്പിള്ളി എന്ന പേര് സ്വീകരിച്ചു.

3.19. ചെറിയകുട്ടി ഈനാശു മകൻ ജോസ് പട്ടം സ്വീകരിച്ച് പുരോഹിതനായി.

3.20. ചെറിയകുട്ടി ഈനാശു മകൻ പോൾസൺ Asst. Exe. Engineer PWD. പുത്തൻചിറ മാളിയേക്കൽ കൂനൻ അന്തോണി മകൾ ശാന്തയെ വിവാഹം ചെയ്തു. ഇവർക്ക് ലിൻഡ, ലിനറ്റ് എന്നീ രണ്ട് പെൺമക്കളും ലിനോയി എന്ന ഒരു മകനും ഉണ്ട്. എല്ലാവരും അമേരിക്കയിലാണ്.

3.21. ചെറിയകുട്ടി ഈനാശു മകൻ സെബാസ്റ്റ്യൻ - അന്നമനട വെട്ടിയാടൻ മാത്തു മകൾ ഡെയ്സിയെ വിവാഹം ചെയ്തു. ഇവർക്ക് ജിനീഷ് എന്ന ഒരു മകൻ. BSc Nursingന് പഠിക്കുന്നു.

3.24. ചെറിയകുട്ടി ഈനാശു മകൻ അഗസ്റ്റിൻ മാള വലിയപറമ്പ് മുട്ടൻതോട്ടിൽ മാത്തുണ്ണി മകൾ ലില്ലിയെ വിവാഹം ചെയ്തു. ഇവർക്ക് ലിൻവി എന്ന ഒരു മകളും ലിയോൺസ് എന്ന ഒരു മകനും. രണ്ടുപേരും വിദ്യാർത്ഥികൾ. ലിൻവി ആളൂർ തോട്ടാൻ വർഗ്ഗീസ് മകൻ സാജുവിനെ വിവാഹം കഴിച്ചു.

3.25. കൊച്ചുവാറു മകൾ റോസിയെ പോട്ടയിൽ കോക്കാടൻ പൈലൻ മകൻ ജോസ് വിവാഹം ചെയ്തു. ജോസ് റെയിൽവേയിൽ ജോലി നോക്കുന്നു.

3.26. കൊച്ചുവാറു മകൻ ചെറിയാൻ പരിയാരം കല്ലേലി കൊച്ചാപ്പു മകൾ റോസ്സിലിയെ വിവാഹം കഴിച്ചു. ചെറിയാൻ റിട്ട. ഹൈസ്കൂൾ ടീച്ചർ. റോസിലി മലയാളം വിദ്വാൻ ഹൈസ്കൂൾ ടീച്ചർ. ഇവർക്ക് റിനോയി എന്ന ഒരു മകനും റിനോ എന്ന ഒരു മകൾ.

3.27. കൊച്ചുവാറു മകൻ വിൽസൺ വെണ്ണൂര് മാണിക്കത്തുപറമ്പൻ അന്തോണി മകൾ കൊച്ചുത്രേസ്യയെ വിവാഹം കഴിച്ചു. ഇവർക്ക് എബി, സുബി, സ്റ്റെഫി എന്നീ 3 പെൺമക്കളാണ്. 3 പേരും വിദ്യാർത്ഥികളാണ്.

3.28. കൊച്ചുവാറു മകൻ ഡ്രോയി പരിയാരം പടയാട്ടി സേവിയർ മകൾ മേഴ്സിയെ വിവാഹം കഴിച്ചു. ഡ്രോയി ഹൈസ്കൾ ടീച്ചറാണ്. മേഴ്സി ഹയർ സെക്കന്ററി ടീച്ചറാണ്. ഇവർക്ക് ഡെല്ല,. ഡെൽമ എന്നീ 2 പെൺമക്കളും ഡോൺ എന്ന ഒരു മകനുമുണ്ട്.

3.29. കൊച്ചുവാറു മകൾ ആനിയെ നടവരമ്പ് കണ്ണൂക്കാടൻ ജോസഫ് മകൻ യേശുദാസ് വിവാഹം കഴിച്ചു. ആനി TTC പാസ്സായി സ്കൂളിൽ പഠിപ്പിക്കുന്നു. യേശുദാസ് സ്റ്റേറ്റ് ബാങ്കിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് സൗമ്യ, ഡെൽന, സോന എന്നീ 3 പെൺമക്കളാണ്.

3.30. കൊച്ചുവാറു മകൾ മേരിയെ തൊടുപുഴയിൽ വെട്ടുവയലിൽ വറീതു മകൻ ടൈറ്റസ് വിവാഹം കഴിച്ചു. മേരി BEdകഴിഞ്ഞ് ഹൈസ്കൂളിൽ ജോലിനോക്കുന്നു. ടൈറ്റസ് കഞ്ചിക്കോട് ITIയിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് ദിവ്യ, ഭവ്യ എന്നീ രണ്ട് പെൺമക്കളുണ്ട്.

3.31. കൊച്ചുവാറു മകൾ ലൈസയെ തലോര് തട്ടിൽ അന്തോണി മകൻ ജോണി വിവാഹം കഴിച്ചു. ലൈസ തലോർ ഹൈക്കണിൽ ജോലിചെയ്യുന്നു. ജോണി തൃശൂരിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

3.32. ഔസേപ്പുണ്ണി (ജോസഫ്) മകൻ ഡേവിഡ് ഇരിങ്ങാലക്കുട കാട്ടൂക്കാരൻ ആൻഡ്രൂസ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ ഉദ്യോഗസ്ഥയാണ്. ഇവലർക്ക് അന്ന, സാറ എന്നീ 2 പെൺമക്കൾ.

3.33. ഔസേപ്പുണ്ണി (ജോസഫ്) മകൾ ഡാർലിയെ ഒല്ലൂര് പടിക്കല പോൾ മകൻ ജോൺസൺ വിവാഹം കഴിച്ചു.

3.34. ഔസേപ്പുണ്ണി (ജോസഫ്) മകൻ ബിന്നി കിഴക്കെ കൊരട്ടി തിരുമുടിക്കുന്ന് പനംകുളം ഔസേപ്പ് മകൾ എൽസിയെ വിവാഹം ചെയ്തു. ഇവർക്ക് മരിയ എന്ന പേരായ മകൾ ഉണ്ട്.

3.35. ചെറിയക്കുട്ടി മകൻ ജോൺ വൈദികനായി.

3.36. കൊച്ചാഗസ്തി മകൾ ലിസിയെ കുറ്റിച്ചിറ കുളങ്ങര റപ്പായി മകൻ ഡോ. ജോണി വിവാഹം കഴിച്ചു. ഡോ. ജോണി വെറ്റിനറി സർജനായും, ലിസ്സി ഗവ. ബോയ്സ് എച്ച്. എസ്. എസ് ചാലക്കുടിയിൽ പ്ലസ്ടു അദ്ധ്യപികയായി ജോലി ചെയ്യുന്നു.

3.37. കൊച്ചാഗസ്തി മകൻ ബാസ്റ്റ്യൻ എങ്ങണ്ടിയൂർ കാഞ്ഞിരത്തിങ്കൽ ജോസ്സ് മകൾ ജെമിയെ വിവാഹം ചെയ്തു. ബാസ്റ്റ്യൻ കണ്ണിക്കര പിഗ്മെനന്റ്സിലും ജെമി St. Mary's L.P. School കുഴിക്കാട്ടുശ്ശേരിയിലും ജോലി ചെയ്യുന്നു. ഇവർക്ക് ജെസ്റ്റിൻ , ഏയ്ഞ്ചൽമരിയ, ഓസ്റ്റിൻ എന്ന മൂന്ന് മക്കളുണ്ട്.

3.38. കൊച്ചാഗസ്തി മകൻ ജോസഫ് വെണ്ടോർ അമ്പൂക്കൻ ജോയി മകൾ സിനിയെ വിവാഹം ചെയ്തു. ജോസഫ് ഗ്വാളിയോറിൽ ജെ.കെ. ടയേഴ്സിലും, സിനി സെന്റ് ജോൺ വൈനെലി സ്ക്കൂളിലും ജോലി ചെയ്ത് കുടുംബസമേതം അവിടെ താമസിക്കുന്നു. അവർക്ക് അനൂപ്, ആൽജോ എന്നീ രണ്ട് മക്കളുണ്ട്.

3.39. തോമാസ് മകൾ റോസിലിയെ മേലഡൂർ ചക്കാലയ്ക്കൽ പത്രോസ് മകൻ ജെന്നി വിവാഹം ചെയ്തു.

3.40. തോമാസ് മകൾ ആനിയെ തച്ചുടപറമ്പിൽ തച്ചുപറമ്പൻ അന്തോണി മകൻ ജോയ് വിവാഹം ചെയ്തു. ജോയ് ചാലക്കുടിയിൽ ബിസിനസ്സ് നടത്തുന്നു.

3.41. തോമാസ് മകൾ സിനിയെ എലിഞ്ഞിപ്ര ചെതലൻ യോഹന്നാൻ മകൻ ജെയിംസ് വിവാഹം ചെയ്തു. ജെയിംസ് അബുദാബി മഫറക്ക് ഹോസ്പിറ്റലിൽ സെക്രട്ടറിയായി ജോലി ചെയ്യുന്നു.

3.42. തോമാസ് മകൻ സിജോ സീനിയർ ടെക്നിക്കൽ സപ്പോട്ടിംഗ് എഞ്ചിനീയറായി (Hard Ware) ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. വാടാനപ്പിള്ളി നീലങ്കാവിൽ ജോൺസൺ മകൾ സ്മിതയെ വിവാഹം ചെയ്തു.

3.43. തോമാസ് മകൻ ലിജോ (M.C.A) സോഫ്റ്റ് വെയർ എഞ്ചിനീയറായി ബാഗ്ലൂരിൽ ജോലി ചെയ്യുന്നു. ഇടപ്പിള്ളി കള

പറമ്പത്ത് ജെയ്ക്കബ്ബ് മകൾ ബെറ്റ്സിയെ വിവാഹം ചെയ്തു.

3.44. തോമാസ് മകൻ ജിജോ റിലയൻസിൽ ജോലി ചെയ്യുന്നു. കരാഞ്ചിറ കോമ്പാറക്കാരൻഫ്രാൻസിസ് മകൾ പ്രീതിയെ വിവാഹം ചെയ്തു.

3.45. പൊറിഞ്ചു ഈനാശു മകൾ ലീലറ്റിനെ ആമ്പല്ലൂർ ചേറ്റുപുഴക്കാരൻ അന്തോണി മകൻ തോമാസ് വിവാഹം കഴിച്ചു.

3.46. പൊറിഞ്ചു ഈനാശു മകൾ കൊച്ചുത്രേസ്യയെ മാളയിൽ മാമ്പിള്ളി സാനി മകൻ വർഗ്ഗീസ് വിവാഹം കഴിച്ചു. വർഗ്ഗീസ് ഫെഡറൽ ബാങ്കിൽ ഓഫീസറാണ്.

3.47. പൊറിഞ്ചു ഈനാശു മകൾ മേരിയെ ഇരിങ്ങാലക്കുട ആട്ടോക്കാരൻ റപ്പായി മകൻ ജോസഫ് വിവാഹം കഴിച്ചു. മേരി 1998 ൽ മരിച്ചു. മക്കളില്ല.

3.48. പൊറിഞ്ചു ഈനാശു മകൻ ഫ്രാൻസിസ് ആലുവ പാറക്കൽ എഞ്ചിനീയർ ചാക്കോ മകൾ മോളിയെ വിവാഹം ചെയ്തു. ഫ്രാൻസിസ് കാത്തലിക് സിറിയൻബാങ്കിൽ ഓഫീസറായി ജോലി ചെയ്യുന്നു. ഇവർക്ക് ഫെബിൻ, ജെറിൻ എന്ന 2 ആൺമക്കൾ ഉണ്ട്.

3.49. ജോസ്സഫ് മകൻ ജോയി തൈക്കാട്ട് ചൊവ്വല്ലൂർ ഫ്രാൻസിസ് മകൾ പുഷ്പയെ വിവാഹം ചെയ്തു. ജോയി BSc Engineer, KSEB Deputy Chief ആയി റിട്ടയർ ചെയ്തു. ഇവർക്ക് ജോസഫ് (ജെക്കോ) എന്ന ഒരു മകനും ടീനു എന്ന ഒരു മകളും. മകൻ ഗൾഫിൽ എൻജിനിയറായി ജോലിചെയ്യുന്നു. മകൾ +2 വിദ്യാർത്ഥിയാണ്.

3.50. ജോസ്സഫ് മകൻ പോൾ കൊച്ചി (കുവപ്പാടം) ചാണ്ടി വർഗ്ഗീസ് മകൾ മേരിയെ വിവാഹം ചെയ്തു. പോൾ കാത്തലിക് സിറിയൻബാങ്കിൽ ഓഫീസർ ആണ്. ഇവർക്ക് അനു, ചിനു എന്ന 2 പെൺമക്കൾ. . രണ്ടുപേരും സ്കൂളിൽ പഠിക്കുന്നു.

3.51. ജോസ്സഫ് മകൾ റോസിലിയെ കുറ്റിച്ചിറ പൂവൻ തോമാസ്സ് മകൻ ജോസ് വിവാഹം ചെയ്തു. ജോസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസറായി ജോലി ചെയ്യുന്നു. അവർ ചാലക്കുടിയിൽ റെയിൽവേ സ്റ്റേഷനു സമീപം താമസമാക്കി.

3.52. ജോസഫ് മകൾ ഗ്രേസിയെ മേലഡൂർ തളിയത്ത് ജോസഫ് മകൻ ആന്റു വിവാഹം കഴിച്ചു. ഗ്രേസി SBTയിലും ആന്റു സിവിൽ സപ്ലൈസിലും ജോലി ചെയ്യുന്നു.

3.53. ജോസ്സഫ് മകൻ ജോജൊ കുറ്റിക്കാട് പേങ്ങിപറമ്പിൽ കുഞ്ഞുവറീത് മകൾ റാണിയെ വിവാഹം ചെയ്തു. ജോജൊ അരൂർ കെൽട്രോണിൽ ജോലിചെയ്യുന്നു. അവർക്ക് ജെറിൻ, ജെഫിൻ എന്ന 2 ആൺമക്കൾ.

3.54. യാക്കോബ് മകൻ റോയി യുണൈറ്റഡ് ഇൻഷൂറൻസ് കമ്പനിയിൽ ഓഫീസറായി ജോലി ചെയ്തു കൊണ്ടിരിക്കെ ഒരു അപകടത്തിൽപെട്ട് ഇരുപത്തിമൂന്നാമത്തെ വയസ്സിൽ 31 - 8 - 89 ൽ മരണമടഞ്ഞു.

3.55. യാക്കോബ് മകൾ താരയെ തളിപറമ്പ് കരിമുണ്ടക്കൽ ജോസഫ് മകൻ പ്രൊഫസർ വർഗ്ഗീസ് വിവാഹം കഴിച്ചു.

3.56. കുഞ്ഞുവറീത് മകൻ ആന്റണി മകൾ മേരിക്കുഞ്ഞിനെ ചങ്ങനാശ്ശേരിയിൽ പുത്തൻപുരയ്ക്കൽ ഫ്രാൻസീസ് സേവിയർ മകൻ ഡോ.ഫ്രാൻസിസ് സേവിയർ വിവാഹം കഴിച്ചു. മേരിക്കുഞ്ഞ് MA, MPE പ്രൊഫസറാണ്. അവർ തൃശൂരിനടുത്ത് കുറ്റുമുക്കിൽ താമസമാക്കി. ഡോ.ഫ്രാൻസിസ് സേവിയർ വെറ്റിനറി കോളേജ് പ്രൊഫസറായും മേരികുഞ്ഞ് വിമല കോളേജിൽ ഫിസിക്കൽ എജുക്കേഷൻ ലക്ചററായും ജോലിചെയ്യുന്നു. അവർക്ക് 2 ആൺ മക്കൾ ഒരാൾ ഫോറസ്റ്ററായും മറ്റെയാൾ ഡെന്റിസ്റ്റായും പഠിക്കുന്നു.

3.57. ആന്റണി മകൻ ജോർജ്ജ് തൃശൂർ കണ്ണംപുഴ കൂള ജോസഫ് മകൾ മിനിയെ വിവാഹം ചെയ്തു. ജോർജ്ജ് MSC ന്യൂക്ലിയർ സയൻസ് MSC മിലട്ടറി സയൻസ് കൂടാതെ MBA യും എയർഫോഴ്സിൽ വിങ്ങ്കമാന്റെർ റാങ്ക്, ഭാര്യ മിനി MA, B.Ed. അവർക്ക് ഒരു മകൻ എറിക് ജോർജ്ജ്. അവർ ഇപ്പോൾ ബാംഗ്ലൂർ എയ്ഫോഴ്സ് ക്വാർട്ടേഴ്സിൽ താമസിക്കുന്നു. ജോർജ്ജിനു സ്തുത്യർഹ സർവ്വീസിനു CAS Commendations ലഭിച്ചിട്ടുണ്ട്.

3.58. ആന്റണി മകൻ ജോസ്സ് - അമ്മാടം പല്ലിശ്ശേരി ഡേവിസ് മകൾ ട്രീസ്സയെ വിവാഹം ചെയ്തു. ജോസ് ഇന്റോർ യൂണിവേഴ്സിറ്റിയിൽനിന്നും MBA പാസ്സായി. ട്രീസ്സ MSC പാസ്സായി. ഇപ്പോൾ സ്വിറ്റ്സർലന്റിലാണ്.

3.59. ആന്റണി മകൾ ആനിയെ എറണാകുളത്ത് ഗിരിനഗറിൽ നടുവിലെ മുറിയിൽ അലക്സ് മകൻ ജോൺസ് വിവാഹം കഴിച്ചു. ആനി BSc, LLB, B.Ed പാസ്സായിട്ടുണ്ട്. ജോൺസ് നേവിയിൽ ലെഫ്ട്ടനന്റ് കമാന്ററാണ്. അവർ ഇപ്പോൾ ബോംബേയിൽ താമസിക്കുന്നു.

3.60. ആന്റണി മകൾ ട്രീസ്സി M A, Lit. എടുത്തുരുത്തിയിൽ താടിക്കാരൻ ആന്റണി മകൻ ജോർജ്ജ് വിവാഹം കഴിച്ചു. ജോർജ്ജ് BTech. Civ. Engr. അവർ ഇപ്പോൾ ദുബായിൽ ജോലിചെയ്യുന്നു.

3.61. ആന്റണി മകൻ ജോയിസ് പൂന യൂണിവേഴ്സിറ്റിയിൽ വിദ്യാപീഠകോളേജിൽ നിന്നും MBA പാസായി ബോംബെയിൽ ലൂപ്പിൻ ലിമി. ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ മാനേജ്മെന്റ് പ്രൊഡ്ക്ഷൻ മാനേജരായിരിക്കെ രോഗിയായി. ഇപ്പോൾ റസ്റ്റ് ചെയ്യുന്നു.

3.62. ഔസേപ്പ് മകൾ ജോളിയെ ചേർത്തലയിൽ കൂട്ടുങ്ങൽ വർഗ്ഗീസ് മകൻ ജോർജ്ജ് വിവാഹം കഴിച്ചു. ജോർജ്ജ് BTech Civl. Engr, ജോളി BA, B Ed. രണ്ടുപേരും ഷാർജയിൽ ജോലിചെയ്യുന്നു.

3.63. ഔസേപ്പ് മകൾ മോളിയെ കൂടല്ലൂർ മുണ്ടിയത് കുറ്റിപ്ലാക്കൽ പീറ്റർ മകൻ വിനോദ് വിവാഹം കഴിച്ചു. വിനോദ്

BTech Civl. Engr. കോട്ടയത്ത് കേരള പവർ ജോലി ചെയ്യുന്നു. മോളി MSc, BEd. പാസ്സായിട്ടുണ്ട്.

3.64. ഔസേപ്പ് മകൻ ജോയി BA - കോങ്ങാർപിള്ളി വിതയത്തിൽ വർഗ്ഗീസ് മകൾ ലില്ലിയെ വിവാഹം ചെയ്തു.

3.65. ഔസേപ്പ് മകൾ ആനിയെ ഞാറയ്ക്കൽ മുളരിക്ക പോൾ മകൻ ബാബു വിവാഹം കഴിച്ചു.

3.66. ഔസേപ്പ് മകൻ റോയി.

3.67. ലൂവിസ് ജോസഫ് മകൾ മേരി (മേരിക്കുഞ്ഞ്)യെ കൊരട്ടിയിൽ തെക്കുംതല പള്ളത്തുകാട്ടിൽ വർഗ്ഗീസ് മകൻ ഡോ. ടോമി വിവാഹം കഴിച്ചു. ഡോ. ടോമി വർഗ്ഗീസ് ആർമ്മിയിൽ എ.എം.സി. കേണൽ ആണ്.

3.68. ലൂവിസ് ജോസഫ് മകൻ ഡോ.വിക്ടർ ഇരിങ്ങാലക്കുട കിഴക്കെപീടിക ജോസ് മകൾ സിംലയെ വിവാഹം ചെയ്തു. ഇവർക്ക് ശ്രുതി, സ്വാതി, ജോസഫ് എന്നീ 3 മക്കൾ. വിദ്യാർത്ഥികൾ.

3.69. ലൂവിസ് ജോസഫ് മകൻ വിമൽ റോയി - സി.എ. പ്രാക്ടീസ് ചെയ്യുന്നു. ഭാര്യ ചൂണ്ടൽ ചാക്കോരു മകൾ ജോറി, മക്കൾ റിയ, ജോയൽ

3.70. ലൂവിസ് ഈനാശു മകൻ ഷാജൻ കടുപ്പശ്ശേരിയിൽ കോക്കാടൻ മാത്തുമാസ്റ്റർ മകൾ ബിനിയെ വിവാഹം ചെയ്തു. ഷാജൻ MTech എഞ്ചനീയറായി DRDO യിലും ബിനി MBA പാസ്സായി ഒരു സോഫ്റ്റ് വെയർ കമ്പനിയിലും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അവർക്ക് ഒരു മകൻ മാത്രം, നവീൻ.

3.71. ലൂവിസ് ഈനാശു മകൾ ഷൈനിയെ ചേന്ദമംഗലം കൊടിയൻ പോൾ മകൻ പോൾ വിവാഹം കഴിച്ചു പോൾ കോളേജ് ലക്ചററായും (ബാങ്കളൂർ ക്രൈസ്റ്റ് കോളേജ്). ഷൈനി MTech. എഞ്ചിനീയറായും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.


3.72. ലൂവിസ് ഈനാശു മകൻ ഡോ. ഷാബിൻ പോൾ MBBS, MRCP എടത്വായിൽ ചക്കാലയിൽ ജെയ്ക്കബ് മകൾ ഡോക്ടർ മീനയെ വിവാഹം ചെയ്തു. അവർ രണ്ട് പേരും ഇംഗ്ലണ്ടിൽ ഡോക്ടർമാരാണ്.

3.73. ലൂവിസ് ഈനാശു മകൾ ജെസ്ലിനെ പാലാരിവട്ടത്ത് പുളിക്കൽ ജോൺ മകൻ ജോപോൾ വിവാഹം കഴിച്ചു. അവർ എറണാകുളത്ത് ബിസിനസ്സ് നോക്കുന്നു.

3.74. പോളി മകൾ സിമ്മിയെ BCom. മുക്കന്നൂര് മൂലൻ പത്രോസ് മകൻ ജോയി വിവാഹം കഴിച്ചു. അവർ കുടുംബസമേതം അമേരിക്കയിലാണ്.

3.75. പോളി മകൻ ലൂവിസ് എറണാകുളത്ത് കൊടൻകമ്ടത്ത് തോമാസ് മകൾ ടീനയെ വിവാഹം ചെയ്തു. ഇവർ അമേരിക്കയിലാണ്.

തോട്ടാപ്പിള്ളി പറമ്പുകാർ



ഒന്നാം തലമുറ

1.1. മേൽപറഞ്ഞ തോമൻ മകൻ കുഞ്ഞിപ്പാലുവിന്റെ പിൻതുടർച്ചക്കാരാണ് തോട്ടാപ്പിള്ളി പറമ്പുകാർ. കുഞ്ഞിപാലു പരിയാരത്ത് കടമ്പാട്ടുപറമ്പിൽ അന്തോണി മകൾ റോസയെ വിവാഹം കഴിച്ചു. ആദ്യ ഭാര്യയിൽ മറിയം, ത്രേസ്യ എന്ന 2 പെൺമക്കളും തോമൻ എന്ന ഒരു മകനും ഉണ്ടായി. റോസയുടെ മരണ ശേഷം പുത്തൻചിറ മാളിയേക്കൽ കൂനൻ കൊച്ചാപ്പു മകൾ മർത്തയെ രണ്ടാം വിവാഹം ചെയ്തു. ഇവരിൽ ജോസ്സ്, ത്രേസ്യാമ്മ എന്ന രണ്ട് മക്കൾ.

1.2. കുഞ്ഞിപ്പാലു മകൻ തോമൻ 15-ാം വയസ്സിൽ പനിമൂലം മരണമടഞ്ഞു.

1.3. കുഞ്ഞിപ്പാലു മകൾ മറിയത്തെ തൃശ്ശൂരിൽ മാളിയേക്കൽ ചെതലൻ പൈലോത് മകൻ ഡോ. ഫ്രാൻസിസ് വിവാഹം കഴിച്ചു.

1.4. കുഞ്ഞിപ്പാലു മകൾ ത്രേസ്യയെ ചെങ്ങാലൂര് തരകൻ പൂവ്വത്തുകാരൻ ചെറിയമകൻ അന്തോണി വിവാഹം കഴിച്ചു.

1.5. കുഞ്ഞിപ്പാലു മകൻ ജോസ് മുരുങ്ങൂർ കിടങ്ങൻ ജോസഫ് മകൾ റോസിയെ വിവാഹം ചെയ്തു. ഇവർക്ക് ഡോൾഫി, കൊച്ചുത്രേസ്യ, സ്റ്റോംബൽ, ഷെമി എന്നീ 4 മക്കൾ ഉണ്ട്. റോസി 56-ാം വയസ്സിൽ മരണമടഞ്ഞു.

1.6. കുഞ്ഞിപ്പാലു മകൾ ത്രേസ്യാമ്മയെ കണ്ടശ്ശാംകടവ് അടുത്ത് കാരമുക്ക് പൊറുത്തൂര് പള്ളികുന്നത്ത് ജെയിക്കബ് മകൻ സണ്ണി വിവാഹം കഴിച്ചു. എഞ്ചിനീയറായ സണ്ണി കൂർക്കഞ്ചേരിയിൽ കുടുംബസമേതം താമസിക്കുന്നു.

രണ്ടാം തലമുറ

2.1. ജോസ്സ് മകൾ ഡോൾഫിയെ കഴുപ്പിള്ളിയിൽ മാളിയേക്കൽ ചെറിയാൻ മകൻ ലോനപ്പൻ വിവാഹം ചെയ്തു.

2.2. ജോസ് മകൾ കൊച്ചുത്രേസ്യയെ ആർത്താറ്റ് വാഴപ്പിള്ളി ഔസേപ്പുണ്ണി മകൻ ജോസ് വിവാഹം ചെയ്തു.

2.3. ജോസ് മകൾ ഷെമിയെ തൃശൂര് മുറ്റിച്ചുകാരൻ ജോസ്സ് മകൻ ജോജൊയും വിവാഹം കഴിച്ചു.

2.4. ജോസ് മകൻ സ്റ്റോംബെൽ കാഞ്ഞൂര് കോയിക്കരവർക്കി മകൾ മിനിയെ വിവാഹം ചെയ്തു. ഇവർക്ക് 2 കുട്ടികൾ. അവർ കുടുംബസമേതം സൗദിയിലാണ്.

ഞാൻ തനിച്ചായി

(ചെറുകഥ) ടി.പി.ജോർജ്ജ്


ഞാൻ റിജോ. ഇടവത്തിലെ ഒരു തണുത്ത പ്രഭാതം. തല്ലി തൊഴിച്ച് പെയ്യുന്ന മഴ. സ്ക്കൂൾ തുറക്കുന്ന ദിവസം കുട്ടികളെ നനയ്ക്കാൻ മഴയ്ക്ക് ഇഷ്ടമാണ് എന്ന കാര്യം അന്ന് എനിക്ക് മനസിയാലിരുന്നില്ല. അപ്പൻ എന്നെ പുതിയ ഉടുപ്പും കുടയും ബാഗും തന്ന് കൊണ്ട് പോകുന്നത് തൊട്ടടുത്ത പ്രൈമറി സ്ക്കൂളിലെ ഒന്നാം ക്ലാസ്സിൽ ചേർക്കാനാണ് എന്ന് എനിക്ക് അറിയില്ലായിരുന്നു. ഹെഡ്മാസ്റ്ററുടെ അടുത്ത് കൊണ്ട് ചെന്ന് പേരെഴുതിച്ച് ഒന്നാം ക്ലാസിൽ കൊണ്ട് ചെന്നാക്കിയശേഷം അപ്പൻ തിരികെ പോയപ്പോൾ എനിക്ക് സങ്കടം തോന്നി. എന്റെ കണ്ണുകൾ നിറഞ്ഞു. പക്ഷെ പിന്നീടങ്ങോട്ട് എനിക്ക് സ്കൂളും കൂട്ടുകാരെയും ടീച്ചർമാരെയും ഇഷ്ടമായി. ആർത്ത് ഉല്ലസിച്ച് കൂട്ടുകാരോട് ഇണങ്ങിയും പിണങ്ങിയും കളിച്ചും പഠിച്ചും ഞാൻ ഒന്നാം ക്ലാസിൽനിന്നും രണ്ടാം ക്ലാസിൽ എത്തി. സ്കൂളിലെ ടീച്ചർമാരെ ഞാൻ മിസ് എന്നാണ് വിളിക്കാറ്.

ഒരു ദിവസം ഇന്റർവെൽ സമയത്ത് എന്നെ ചൂണ്ടി എന്റെ ക്ലാസ് ടീച്ചർ ഗ്രേസ്മിസ് തൊട്ടടുത്ത മൂന്നാം ക്ലാസിലെ മിസിനോട് പറയുന്നത് ഞാൻ കേട്ടു. ഇവന്റെ അമ്മ ആറ് കൊല്ലം കാത്തിരുന്ന് കിട്ടിയ പൊന്നുമോനാണിവൻ, ഒന്നാം ക്ലാസിൽ എല്ലാ പരീക്ഷയ്ക്കും ഒന്നാമനായിരുന്നു. അവന് എല്ലാവരെയും വലിയ ഇഷ്ടമാണ്. ആരോടും സ്വന്തക്കാരോടെന്ന പോലെ പെരുമാറും. എന്നെ അവന്റെ അമ്മയെപ്പോലെയാണ് കരുതുന്നത്. ചിലപ്പോൾഎന്നെ അമ്മേ എന്ന് അറിയാതെ വിളിച്ചുപോകും. ഒരു കളങ്കവുമില്ലാത്ത കുട്ടി. ഓരോ അക്ഷരവും കൂട്ടക്ഷരവും വാക്കും വ്യക്തമായി ഉച്ചരിക്കും. പാഠപുസ്തകം മുഴുവനും സ്കൂൾ തുറന്ന് രണ്ടു മാസത്തിനകം പഠിച്ചു കഴിഞ്ഞു. ഞാൻ ഒരു പാഠം എടുക്കാൻ തുടങ്ങുമ്പോഴേക്കും ആ പാഠത്തിന്റെ കാര്യങ്ങൾ പറയാൻ തുടങ്ങും. ഞാൻ പാഠം എടുത്തുകഴിയുമ്പോൾ റിജോയ്ക്ക് പറയാനുള്ളത് പറയാൻ അവസരം തരാമെന്ന് പറയും. പിരീഡ് അവസാനിക്കും മുമ്പ് ആ പാഠത്തെപ്പറ്റി, ആ കവിതയെപ്പറ്റിയെല്ലാം റിജോയുടെവക ഒരു ചെറുപ്രസംഗമാണ്. പക്ഷെ ഈയിടെയായി എന്തോ ഒരു പന്തികേട് ബോർഡിൽ എഴുതുന്നത് അവന് കാണാൻ പ്രയാസം, എഴുതാൻ പ്രയാസം. ഇത്തവണ പരീക്ഷയ്ക്ക് രണ്ടാമൻ മാത്രമായി. ഇത്രയും പറഞ്ഞു കഴിഞ്ഞ് ടീച്ചർ എന്നെ വിളിച്ചു. ഞാൻ ചെന്നപ്പോൾ ടീച്ചർ ചോദിച്ചു. ഇത്രയുംനാൾ ഒരു പ്രാവശ്യം എന്തു പറഞ്ഞാലും റിജോയ്ക്ക് മനസ്സിലാകുമായിരുന്നു. ഇപ്പോൾ ചിലപ്പോൾ രണ്ടു പ്രാവശ്യം പറയേണ്ടിവരുന്നു, അതെന്താ ? ഞാൻ ചിരിച്ചതേയുള്ളൂ. പക്ഷേ പിന്നീട് എനിക്കു കാര്യം പിടികിട്ടി. എന്നെ ചികിത്സിക്കേണ്ട കാലം കഴിഞ്ഞപ്പോഴാണ് എന്നെ ചികിത്സിച്ചിരുന്ന ഡോക്ടർമാർ പറയുന്നത്, റിജോയ്ക്ക് ഇടക്കിടെ ഉണ്ടായികൊണ്ടിരുന്ന ഛർദിയുടെ കാരണം വയറിന്റെ അസുഖമല്ല ബ്രെയിനിന്റെ അസുഖമാണ് എന്ന്.

ഒരു ദിവസം ഞങ്ങളുടെ ക്ലാസ് ടീച്ചർ ലീവായിരുന്നു. അപ്പോൾ ഞങ്ങളെ എല്ലാം ഒന്നാം ക്ലാസിൽ കൊണ്ടിരുത്തി. ഒരു പിരിഡും അഞ്ചാറ് മിനിട്ടും കഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ ഫ്രാൻസിസ് സാറ് എന്നെ വിളിച്ചുകൊണ്ടുപോയി ചോദിച്ചു "രണ്ടാം ക്ലാസിലെ മോണിറ്ററായ റിജോ മറ്റുകുട്ടികളോട് എന്തൊക്കെയോ സ്വകാര്യം പറഞ്ഞ് ഒരു പീരീഡ് കഴിഞ്ഞപ്പോൾ എല്ലാവരെയും സംഘടിപ്പിച്ച് രണ്ടാം ക്ലാസിലേക്ക് ഓടിപ്പോകാൻ എന്താ കാരണം"? സാറിന്റെ മുഖത്തെ ദേഷ്യഭാവം കണ്ട് എനിക്ക് പേടിതോന്നിയെങ്കിലും ഞാൻ ധൈര്യമായി പറഞ്ഞു. "ഞങ്ങൾ ഒന്നാം ക്ലാസിൽ നന്നായി പഠിച്ച് പരീക്ഷ പാസായിട്ടാണ് രണ്ടാം ക്ലാസിൽ എത്തിയത്. രണ്ടാം ക്ലാസിൽ നിന്നു പോകേണ്ടത് മൂന്നാം ക്ലാസിലേക്കാണ്. അതിനു പകരം ഞങ്ങളെ ഒന്നാംക്ലാസിൽ കൊണ്ടിരുത്തിയത് ഞങ്ങൾക്ക് ഭയങ്കര ഷെയിമായി, വലിയ സങ്കടമായി. അതുകൊണ്ടാണ്." ഇതുകേട്ടപ്പോൾ സാറിന്റെ ദേഷ്യം മാറി. ചെറുതായൊന്ന് പുഞ്ചിരിച്ചുകൊണ്ട് സാറ് പറഞ്ഞു. റിജോ പൊയ്ക്കോ, നിങ്ങൾ രണ്ടാം ക്ലാസിൽ തന്നെ ഇരുന്നാൽ മതി. കുറച്ചു കഴിഞ്ഞപ്പോൾ ഒന്നാം ക്ലാസിലെ മിസും എല്ലാ കുട്ടികളും കൂടി ഞങ്ങളുടെ ക്ലാസിലേക്ക് വന്നു. ഒന്നാം ക്ലാസുകാർക്ക് രണ്ടാം ക്ലാസിൽ വന്നതിന്റെ സന്തോഷം. ഞങ്ങൾക്ക് അനിയന്മാരെ കിട്ടിയ സന്തോഷം. എല്ലാ കുട്ടികളും ആർത്ത് ചിരിച്ചു, കെട്ടിപിടിച്ചു, തുള്ളിച്ചാടി, തുള്ളിച്ചാടി.

രണ്ടാഴ്ച കഴിഞ്ഞ് സ്കൂളിലെ എല്ലാ സാറുമാരും എല്ലാ ടീച്ചർമാരും എല്ലാ കുട്ടികളും നിരനിരയായി, മൗനമായി എന്റെ വീട്ടിൽ ഞാൻ സ്വല്പം തുറന്ന കണ്ണുകളുമായി കിടന്നുറങ്ങുന്ന എന്റെ കട്ടിലിനരികിൽവന്ന് അല്പം പരിചയമുള്ള 'ആരെ കണ്ടാലും വാതോരാതെ പ്രസംഗിക്കുന്ന' എന്നോട് ഒരു വാക്കുപോലും മിണ്ടാതെ എനിക്കേറ്റവും ഇഷ്ടമുള്ള പൂക്കൾ കൊണ്ടുണ്ടാക്കിയ ഒരു കൊച്ചുറീത്ത് എന്റെ കാൽ മുട്ടുകളിൽ കയറ്റി വച്ച് എന്നന്നേക്കുമായി തിരിഞ്ഞുനടന്ന് അപ്രത്യക്ഷരായി – ഞാൻ തനിച്ചായി.....

പഴുപറമ്പുകാർ


സി. സെബാസ്റ്റീന
തോമൻ
ജോസഫ്
അഗസ്റ്റിൻ
ത്രേസ്യാമ്മ
അന്നമ്മ
കൊച്ചുതുപ്പ്
ജോസഫ്
പൊറിഞ്ചു
തോമസ്
കൊച്ചുമാത്തു
അന്നംകുട്ടി
സിസിലി
തോമൻ മകൻ
കൊച്ചൗസേപ്പ്
മറിയം
കുഞ്ഞുവറീത്
ജോസഫ്
ജോർജ്ജ്
ജോയി
ലളിത (Sr.Agricola)
റോസിലി
അല്ലി
എമി
ഗീത
കൊച്ചാഗസ്തി
ജോസ്
ജോണി
തോമസ്

ഒന്നാം തലമുറ

1.1. മേൽപറഞ്ഞ തോമൻ മകൻ കൊച്ചൗസേപ്പിന്റെ പിൻതുടർച്ചക്കാരാണ് പഴൂപറമ്പുകാർ. കൊച്ചൗസേപ്പ് മേലൂര് നെറ്റിക്കാടൻ ഉതുപ്പ് മകൾ അച്ചാരുവിനെ വിവാഹം ചെയ്തു. അവർക്ക് തോമൻ, റോസമ്മ, അന്നമ്മ, കൊച്ചുതുപ്പ്, കുഞ്ഞുവറീത്, മറിയം, കൊച്ചാഗസ്തി എന്നീ 7 മക്കൾ ഉണ്ടായി.



തോട്ടാപ്പിള്ളി തറവാട്ടിലെ അച്ചാരു ഔസേപ്പ് മരിച്ചപ്പോൾ എടുത്ത ചിത്രം. ഈ ചിത്രം 1940ൽ എടുത്തതാണ്

1.2. കൊച്ചൗസേപ്പിന്റെ മകൻ തോമൻ പൊയ്യ അമ്പൂക്കൻ ആഗസ്തി മകൾ നെയ്ത്തിയെ വിവാഹം ചെയ്തു. തോമൻ (ടി.ജെ. തോമസ്) വളരെ വർഷങ്ങൾ കാരുർ സ്കൂൾ ഹെഡ്മാസ്റ്ററും മാനേജരും ആയിരുന്നു. 1976 ൽ മരണമടഞ്ഞു. ഭാര്യ നെയ്ത്തി 97 വയസ്സ്. 2004 ൽ മരിച്ചു ഇവർക്ക് ജോസഫ്, ത്രേസ്യാമ്മ, അഗസ്റ്റിൻ എന്നീ 3 മക്കൾ.

1.3. കൊച്ചൗസേപ്പിന്റെ മകൾ റോസമ്മ കർമ്മലീത്താ സഭയിൽ ചേർന്ന് സഭാവസ്ത്രം സ്വീകരിച്ച് കന്യാസ്ത്രീയായി സി. സെബസ്റ്റീന എന്ന് പേര് സ്വീകരിച്ചു.

1.4. കൊച്ചൗസേപ്പിന്റെ മകൾ അന്നമ്മയെ കാടുകുറ്റിയിൽ ചിറമേൽ മുളങ്ങാട്ടിൽ കൊച്ചു പൈലോത് മകൻ ദേവസ്സി വിവാഹം കഴിച്ചു.

1.5. കൊച്ചൗസേപ്പിന്റെ മകൻ കൊച്ചുതുപ്പ് കറുകുറ്റി പാലാട്ടി മാത്തു മകൾ അച്ചാരുണ്ണിയെ വിവാഹം ചെയ്തു. അവർക്ക് ജോസഫ്, അന്നംകുട്ടി, പൊറിഞ്ചു, തോമസ്സ്, കൊച്ചുമാത്തു, സിസിലി എന്നീ 6 മക്കൾ ഉണ്ടായി.

1.6. കൊച്ചൗസേപ്പിന്റെ മകൻ കുഞ്ഞിവറിയത് വൈന്തല വലിയവീട്ടിൽ കുഞ്ഞുവറിയത് മകൾ കുഞ്ഞാളിച്ചിയെ വിവാഹം ചെയ്തു. കുഞ്ഞുവറിയത് കാരൂർ സ്കൂളിൽ ടീച്ചർ/HM ആയിരുന്നു. ഇവർക്ക് 6 മക്കൾ. ജോസ്, ജോർജ്ജ്, ലളിത, ജെസ്സി, ജോയി, റോസ്സിലി. കുഞ്ഞാളിച്ചി 23-08-1949 ൽ മരിച്ചു. പിന്നീട് കുഞ്ഞുവറീത് മാടമ്പി കുഞ്ഞിലോന ഭാര്യ റോസയുടേയും മകൾ നെയ്ത്തിയെ വിവാഹം ചെയ്തു ഇതിൽ എമി, അല്ലി, ഗീത എന്നീ 3 മക്കൾ.

1.7. കൊച്ചൗസേപ്പിന്റെ മകൾ മറിയത്തെ ഒല്ലൂര് മേച്ചേരി ചാക്കോരു മകൻ ചാക്കുണ്ണിയും വിവാഹം കഴിച്ചു.

1.8. കൊച്ചൗസേപ്പിന്റെ മകൻ കൊച്ചാഗസ്തി പരിയാരം കിഴക്കൂടൻ അന്തോണി മകൾ അന്നംകുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, ജോണി, തോമാസ് എന്ന മൂന്ന് മക്കൾ.

രണ്ടാം തലമുറ

2.1. തോമൻ മകൻ ജോസഫ് ഞായറയ്ക്കൽ വാളൂരാൻ ഉറുമീസ് മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ജോസഫ് ആളൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി റിട്ടയർ ചെയ്ത് എഴുപത്തി മൂന്നാമത്തെ വയസ്സിൽ 1997 ൽ മരണമടഞ്ഞു. ഇവർക്ക് ഗ്രെയ്സി, വത്സല, മേഴ്സി, തോമസ് എന്നീ 4 മക്കൾ.

2.2. തോമൻ മകൾ ത്രേസ്യാമ്മയെ ഒല്ലൂർ കാട്ടുക്കാരൻ തോമ മകൻ ഔസേപ്പ് വിവാഹം കഴിച്ചു.

2.3. തോമൻ മകൻ അഗസ്റ്റിൻ തൃശൂർ പള്ളിപ്പുറത്തുകാരൻ ജോസഫ് മകൾ ലീലയെ വിവാഹം ചെയ്തു. അഗസ്റ്റിൻ Alagappa Textile MD ആയിരുന്നു. റിട്ടയർ ചെയ്തു. ഇവർക്ക് ടോജൻ, ഷോജൻ, ജിജി എന്നീ മക്കൾ.

2.4. കൊച്ചുതുപ്പ് മകൻ ജോസഫ് ഇരിങ്ങാലക്കുട കൊഴലിപറമ്പിൽ വർഗ്ഗീസ് മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ജോസഫും ത്രേസ്യാമ്മയും കല്ലേറ്റുംകര ഹൈസ്കൂൾ ടീച്ചേഴ്സ് ആയിരുന്നു. റിട്ടയർ ചെയ്തു. ജോസഫ് 63 വയസ്സിൽ 92 ൽ മരണമടഞ്ഞു. ഇവർക്ക് ജോജോ, ലാലി, സാജോ, ബൈജു എന്നീ 4 മക്കൾ

2.5. കൊച്ചുതുപ്പ് മകൾ അന്നംകുട്ടിയെ പുത്തൻചിറ മാളിയേക്കൽ കൂനൻ ഇട്ടീര മകൻ ഇട്ടിയച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് അവറാച്ചൻ, ജോസ്, മേഴ്സി, എന്നീ 3 മക്കൾ.

2.6. കൊച്ചുതുപ്പ് മകൻ പൊറിഞ്ചു (ഫ്രാൻസിസ്) കണ്ടശ്ശാംകടവിൽ പണ്ടാരവളപ്പിൽ മാത്തുമകൾ ഡെയ്സിയെ വിവാഹം ചെയ്തു. പൊറിഞ്ചു അഷ്ടമിച്ചിറ ഹൈസ്കൂൾ ടീച്ചർ ആയി റിട്ടയർ ചെയ്തു. ഇവർക്ക് ജോസ് എന്ന ഒരു മകനും, ജോഷി, ജോഫി എന്നീ 2 പെൺമക്കളും.

2.7. കൊച്ചുതുപ്പ് മകൻ ഡോ. തോമാസ് ചാവക്കാട് മാറോക്കി കുരിയാക്കോസ് മകൾ ഗ്രെയ്സിയെ വിവാഹം ചെയ്തു. തോമാസ് 19-6-95 ൽ നിര്യാതനായി. ഇവർക്ക് സിബി എന്ന ഒരു മകളും, സിജു എന്ന ഒരു മകനും ഉണ്ട്.

2.8. കൊച്ചുതുപ്പ് മകൻ കൊച്ചുമാത്തു പൊയ്യ അമ്പൂക്കൻ ഇട്ടീര മകൾ കത്രുവിനെ വിവാഹം ചെയ്തു. കൊച്ചുമാത്തു ചാലക്കുടിയിൽ ബിസിനസ്സ് നടത്തുന്നു. കുടുംബസമേതം അവിടെ താമസമാക്കി. ഇവർക്ക് ബിജു,

ബിന്നി എന്ന 2 ആൺമക്കളും ബിസിനി എന്ന മകളും ഉണ്ടായി. ആയതിൽ ബിന്നിയുടെ വിവാഹം ആയിട്ടില്ല.

2.9. കൊച്ചുതുപ്പ് മകൾ സിസിലിയെ എറണാകുളത്ത് കാട്ടുക്കാരൻ വാറപ്പൻ മകൻ മാത്തു വിവാഹം കഴിച്ചു. ഇവർക്ക് വിനോദ്, വിവേക് എന്നീ രണ്ട് ആൺമക്കൾ.

2.10. കുഞ്ഞുവറീത് മകൻ ജോസ് കറുകുറ്റി പൈനാടത്ത് ജോസഫ് മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ജോസ് BVSc പാസ്സായി. 1959 വെറ്റിനറി ഡോക്ടറായി. 1971-72 ൽ 9 മാസക്കാലം ഇംഗ്ലണ്ടിലും സ്വിറ്റ്സർലണ്ടിലുമായി ആനിമൽ ബ്രീഡിങ്ങിലും പോസ്റ്റ് ഗ്രാജുവേറ്റ് ട്രെയിനിങ്ങും ചെയ്തു. 1985ൽ UK യിൽ ആനിമൽ ബ്രീഡിങ്ങിൽ ഇന്റർനാഷണൽ കോൺഫ്രൻസ് അറ്റന്റ് ചെയ്തു. 1990 തുടങ്ങി 1994 വരെ കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെയും 1994 തുടങ്ങി 1999 വരെ കേരളഫീഡ്സിന്റെയും MD ആയിരുന്നു. അതിനിടെ 1998ൽ ജോലിസംബന്ധമായി ഹോളണ്ടും സ്വിസർലണ്ടും സന്ദർശിക്കുകയുണ്ടായി. 1994ൽ Best (Last) വെറ്റേറിനേറിയൻ അവാർഡ് ലഭിച്ചു. ഇപ്പോഴും കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ഡയറക്ടർ ആണ്. ഇവർക്ക് ജെയ്ബി ഒരു മകനും, ജൈഷി ഒരു മകളും.

2.11. കുഞ്ഞുവറീത് മകൻ ജോർജ്ജ് മല്ലപ്പിള്ളി മഠത്തിൽ മേൽപുറത്തുവീട്ടിൽ കുര്യയൻ മകൾ ഏല്യാമ്മയെ വിവാഹം ചെയ്തു. ഡോ. ജോർജ്ജ്- കേരള യൂണിവേഴ്സിറ്റിയിൽനിന്നും അഗ്രികൾച്ചർ (Agri) ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി ജർമനി ഗോട്ടിൻജൻ യൂണിവേഴ്സിറ്റിയിൽനിന്നും M.Sc ഫസ്റ്റ് റാങ്കോടെ വിജയിച്ചു. ഗൈസൺ യൂണിവേഴ്സിറ്റിയിൽനിന്നും PHD ഡിസ്റ്റിങ്ഷനോടെ പാസ്സാകുകയും 1995ൽ സ്ലോവാക്കിയ അക്കാദമി ഓഫ് സയൻസിൽനിന്നും ഡോക്ടർ ഓഫ് സയൻസും പാസായി 12 അന്തർദേശീയ പ്രൊഫഷണൽ സൊസൈറ്റികളിൽ മെമ്പർഷിപ്പ് ഉണ്ടായിരുന്നു. 167 രാജ്യങ്ങളിലായി 16 സ്ഥാപനങ്ങളിൽ ചെയർമാൻ, ഡിപ്പാർട്ട്മെന്റ് സൈന്റിസ്റ്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 209 പ്രബന്ധങ്ങൾ താനതായും, കൂട്ടായും വിവിധ രാജ്യങ്ങളിലും ഭാഷകളിലും അവതരിപ്പിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലായി 13ഓളം കമ്മറ്റികളിൽ മെമ്പറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 14 അവാർഡുകളും സ്കോളർഷിപ്പുകളുമായി വിവിധ യൂണിവേഴ്സിറ്റികളിൽനിന്നും രാജ്യങ്ങിൽനിന്നുമായി ലഭിച്ചിട്ടുണ്ട്. രണ്ടുപ്രാവശ്യം ലോകബാങ്കിന്റെ ഉപദേഷ്ഠാവായി പ്രവർത്തിച്ചിട്ടുണ്ട്. 50ഓളം രാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഏല്യാമ്മ M.Sc പാസ്സായിട്ടുണ്ട്. ഇവർക്ക് ലിസ്സയെന്ന ഏകമകൾ. ലിസ്സ MBBS പാസ്സായി. ഇപ്പോൾ ഭർത്താവിനോടൊപ്പം അമേരിക്കയിൽ

2.12. കുഞ്ഞുവറീത് മകൾ ലളിത കർമ്മലീത്ത മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. സി.ആഗ്രിക്കോളയെന്നു പേർ സ്വീകരിച്ചു. വിമല കോളേജിലെ ചീഫ് ലൈബ്രേറിയനായിരുന്നു.

2.13. കുഞ്ഞുവറീത് മകൾ ജെസ്സിയെ തൃശൂർ അഞ്ചേരി പടവൻ പോൾ മകൻ ആന്റണി വിവാഹം കഴിച്ചു. ജെസ്സി ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്തു.

2.14. കുഞ്ഞുവറീത് മകൾ റോസ്സിലിയെ പരിയാരം പോട്ടോക്കാരൻ പോൾ മാസ്റ്റർ മകൻ ആന്റു വിവാഹം കഴിച്ചു. ആന്റു മധുരാകോട്സിൽ ഓഫീസറായിരുന്നു.

2.15. കുഞ്ഞുവറീത് മകൻ ജോയി തൃശൂർ ചേറ്റുപുഴക്കാരൻ വർഗ്ഗീസ് മകൾ ഡോ. ലൂസിയെ വിവാഹം കഴിച്ചു. ജോയി ഗൾഫിൽ മെക്കാനിക്കൽ എഞ്ചിനീയറാണ്. (REC. Calicut) ഡോ. ലൂസ്സി തൃശ്ശൂരിൽ ഗൈനക്കോളജിസ്റ്റാണ്. ഇവർക്ക് വിനിത എന്ന ഒരു മകളും, വിജു, വിബു 2 ആൺമക്കളും. വിനിത B.Com പാസ്സായി. MBA യ്ക്ക് പഠിക്കുന്നു. വിജു എൻജിനിയർ ആയി ദുബായിൽ. ജോലി നോക്കുന്നു. വിബു BDSന് പഠിക്കുന്നു.

2.16. കുഞ്ഞുവറീത് മകൾ എമിയെ മുരുങ്ങൂര് വടക്കുംപാടൻ ചെറിയ മകൻ ജോസഫ് വിവാഹം കഴിച്ചു. ജോസഫ് ടെലിഫോൺ ഡിപ്പാർട്ടുമെന്റ് എഞ്ചിനീയറാണ്. റിട്ടയർ ചെയ്തു.

2.17. കുഞ്ഞുവറീത് മകൾ അല്ലിയെ വൈന്തല കണ്ണോത്ത് ഫ്രാൻസിസ് മകൻ പോൾ വിവാഹം കഴിച്ചു. പോൾ കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ എംഡിയായി റിട്ടയർ ചെയ്തു.

2.18. കുഞ്ഞുവറീത് മകൾ ഗീതയെ നീർക്കോട് മാനാടൻ വർഗ്ഗീസ് മകൻ ജോ. മാനാടൻ വിവാഹം കഴിച്ചു. ജോ. സൗത്ത് ഇന്ത്യനൻ ബാങ്കിൽ മാനേജരാണ്.

2.19. കൊച്ചാഗസ്ഥി മകൻ ജോസഫ് മാള എടാട്ടുകാരൻ വറുതുണ്ണി മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ഇവർക്ക് ഫോജി ഒരു മകനും ജിജി ഒരു മകളും ഉണ്ട്

2.20. കൊച്ചാഗസ്ഥി മകൻ ജോണി ഐരൂര് ചെറക്കൽ മണവാളൻ ജോസഫ് മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ജോണി ആളൂർ ഹൈസ്കൂൾ മാസ്റ്ററായി റിട്ടയർ ചെയ്തു. ഇവർക്ക് ജിജോ, സിജോ, എന്ന 2 ആൺമക്കളും സിജി എന്ന ഒരു മകളും. ജിജോ നാഷ്ണൽ ഹൈവേ അതോറിട്ടിയിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. സീജോ അപ്പോളോ ടയേഴ്സിൽ എഞ്ചിനിയറായി ജോലിനോക്കുന്നു.

2.21. കൊച്ചാഗസ്ഥി മകൻ തോമാസ് മുരുങ്ങൂര് വടക്കുംപാടൻ ചെറിയമകൾ കൊച്ചുത്രേസ്യയെ വിവാഹം ചെയ്തു. തോമാസ് കാത്തലിക് സിറിയൻബാങ്ക് ഓഫീസർ ആയി

രിക്കെ മരണമടഞ്ഞു. ഇവർക്ക് 3 ആൺമക്കൾ. ജോബിൻ, ജോമേഷ് വിവാഹിതർ. അവർ അയർലണ്ടിൽ ജോലിചെയ്യുന്നു. ജോമോൻ തിരുവന്തപുരത്ത് ജോലിചെയ്യുന്നു.

മൂന്നാം തലമുറ

3.1. ജോസഫ് മകൾ ഗ്രേയ്സിയെ അരണാട്ടുകര കൈതക്കോടൻ ഫ്രാൻസിസ് മകൻ ജോർജ്ജ് വിവാഹം കഴിച്ചു. ജോർജ്ജ് സൗത്ത് ഇന്ത്യൻ ബാങ്കിൽ മാനേജരാണ്.

3.2. ജോസഫ് മകൾ വത്സയെ പരിയാരത്ത് മൂഞ്ഞേലി ഔസേപ്പ് മകൻ വർഗ്ഗീസ് വിവാഹം കഴിച്ചു. അവർ കാരൂർ താമസമാക്കി. വർഗ്ഗീസ് മാന്നാറിൽ ടെക്നീഷ്യൻ ആയിരുന്നു.

3.3. മേഴ്സിയെ മാമ്പ്ര (കൊരട്ടി) കില്ലൂപറമ്പത്ത് വർഗ്ഗീസ് മകൻ പോൾ വിവാഹം കഴിച്ചു. പോൾ ഫെഡറൽ ബാങ്കിൽ മാനേജരായിരിക്കെ മരണമടഞ്ഞു.

3.4. ജോസഫ് മകൻ തോമാസ് വേലൂര് പുത്തിരി തോമസ്സിന്റെ മകൾ ജോളിയെ വിവാഹം ചെയ്തു. തോമാസ്സ് പെരുമ്പിലാവ് അൻസാർ ഹോസ്പിറ്റലിൽ ഡോക്ടറാണ്. അവർ കുടുംബ സമേതം അവിടെ താമസിക്കുന്നു. ഇവർക്ക് ആൽബർട്ട്, ആൽവിൻ എന്ന് പേരായ 2 കുട്ടികൾ.

3.5. അഗസ്റ്റിൻ മകൾ ഡോ. ജിജിയെ വടക്കൻ പറവൂർ പയ്യപ്പിള്ളി ജേക്കബിന്റെ മകൻ ഡോ. മനോജ് ജേക്കബ് വിവാഹം കഴിച്ചു. MS Gen. Surgery DNB കഴിഞ്ഞ് MCH Gastro Enterology) പഠിച്ചു എറണാകുളം ലേക്ക് ഷോർ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു. ഡോ.ജിജി അങ്കമാലി LFഹോസ്പിറ്റലിൽ ഗൈനാക്കോളജിസ്റ്റാണ്.

3.6. അഗസ്റ്റിൻ മകൻ ടോജൻ കൊട്ടേക്കാട് കോനിക്കര ലോനപ്പൻ മകൾ ഷെർളിയെ വിവാഹം കഴിച്ചു. ടോജൻ കരുവന്നൂരിൽ മാതാഓയിൽ മില്ലിന്റെ ഉടമയാണ്. അവർക്ക് 2 ആൺമക്കൾ. എമിൻ, എവിൻ.

3.7. അഗസ്റ്റിൻ മകൻ ഡോ. ഷോജൻ കോട്ടയം പറമുണ്ടയിൽ ഡോ. അനറ്റയെ വിവാഹം ചെയ്തു. ഡോ. ഷോജൻ തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അസ്സി.പ്രെഫസ്സർ ആണ്. ഡോ. അനീറ്റ അമല മെഡിക്കൽ കോളേജിൽ ലക്ചറാണ്. 2 പെൺമക്കൾ ടെറീസ്സ, ആൻമേരി.

3.8. ജോസഫ് മകൾ ലാലിയെ പരിയാരത്ത് കിഴക്കൂടൻ ജോസഫ് മകൻ ബാബു വിവാഹം കഴിച്ചു. ബാബു ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ലക്ചററാണ്.

3.9. ജോസഫ് മകൻ ജോജൊ പുത്തൻചിറ താക്കോൽകാരൻ ജോർജ്ജിന്റെ മകൾ ജെമിയെ വിവാഹം ചെയ്തു. ജോജോ സിനിമാ തീയറ്റർ മുതലായ ബിസിനസ്സുകൾ നടത്തുന്നു. ഇവർക്ക് ജെയിസ്സ്, ജൂഹി, ജെയിക്ക് എന്നീ 3 മക്കൾ. ഫോൺ: 2881370, 9961606195

3.10. ജോസഫ് മകൻ ഡോ. സാജോ കുരിയച്ചിറ കുന്നപ്പിള്ളി ഫ്രാങ്ക്ളിൻ മകൾ അനീനയെ വിവാഹം ചെയ്തു. സാജോ അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ ഡോക്ടറാണ്. ഇവർക്ക് മക്കൾ ജോസഫ്, ജോവാൻ

3.11. ജോസഫ് മകൻ ബൈജു എഞ്ചിനീയർ, ഭാര്യ കാലടി വാളൂക്കാരൻ പാപ്പച്ചൻ മകൾ ഷീന. മക്കൾ ജോയൽ, ജോഹൻ

3.12. പൊറിഞ്ചു മകൾ ജോഷി അവിവാഹിത.

3.13. പൊറിഞ്ചു മകൾ ജോഫിയെ മറ്റം കാക്കശ്ശേരി ലീവീസ്സ് മകൻ ആന്റണി വിവാഹം കഴിച്ചു. ആന്റണി കുനമൂച്ചി ബാങ്കിൽ ഉദ്യോഗസ്ഥനാണ്. കുടുംബസമേതം തൃശൂരാണ്.

3.14. പൊറിഞ്ചു മകൻ ജോസ് കറുക്കുറ്റി പൈനാടത്ത് ജോസ് മകൾ സിജിയെ വിവാഹം ചെയ്തു. ഇവർക്ക് ആകാശ്, അമൽ എന്നീ 2 മക്കൾ.

3.15. ഡോ. തോമാസ് മകൾ സിബിയെ വാതക്കാട്ട് കൈതാരത്ത് തരിത് മകൻ തോമാസ് വിവാഹം കഴിച്ചു. തോമാസ് തൃശൂരിൽ ചാർറ്റേഡ് എക്കൗണ്ടന്റായി ജോലി ചെയ്യുന്നു. 2 മക്കൾ ഫ്രഡി, ഗ്ലൻ

3.16. ഡോ. തോമാസ് മകൻ ഡോ. സിജു അവിട്ടത്തൂർ കോക്കാടൻ ജോർജ്ജ് മകൾ ജിനിയെ വിവാഹം ചെയ്തു. ഡോ. സിജു ചാലക്കുടിയിൽ ക്ലിനിക് സ്ഥാപിച്ച് ഹോമിയോപ്പതി പ്രാക്ടീസ് ചെയ്യുന്നു. ഇവർക്ക് 2 ആൺമക്കൾ ഫാബിയൂസ്സ് ഫെലിക്സ്.

3.17. കൊച്ചുമാത്തു മകൻ ബിജു മേട്ടിപാടം പെരേപ്പാടൻ ഡേവിസ്സ് മകൾ ജീജയെ വിവാഹം ചെയ്തു. ഇവർക്ക് 2 മക്കൾ സോണി, സോന. ബിസിനിയെ കറുകുറ്റി പൈനാടത്ത് മാർട്ടിൻ വിവാഹം ചെയ്തു. ജിയെ, ലിയെ 2 മക്കൾ

3.18. ജോസ് മകൾ ഡോ. ജൈഷിയെ പാലക്കാട് കല്ലേകുളങ്ങര മണിയിൽ വീട്ടിൽ ഡോ. ബാജു വിവാഹം കഴിച്ചു. രണ്ടുപേരും ഡെന്റൽ സർജന്മാരായി പാലക്കാട്ട് ക്ലിനിക്ക് നടത്തിവന്നിരുന്നു. 2006ൽ ബാജു മരിച്ചു. ഇവർക്ക് മാളവിക എന്ന ഒരുമകളുണ്ട് .

3.19. ജോസ് മകൻ ജെയ്ബി ഒല്ലൂര് മുയലൻ തോമാസ്സ് മകൾ നിമ്മിയെ വിവാഹം ചെയ്തു. ഇവർക്ക് കാതറിൻ, കരോളിൻ എന്നീ 2 പെൺമക്കൾ.


3.20. ജോർജ് മകൾ ഡോ. ലിസയെ തിരുവന്തപുരത്ത് തോമസ് മകൻ ഡോ. ലിറ്റു വിവാഹം ചെയ്തു. ഇവർക്ക് യോഹൻ എന്ന മകനുണ്ട്. ഇവർ അമേരിക്കയിൽ

3.21. ജോയി മകൾ വിനീത വിവാഹിതയാണ്.

3.22. ജോസഫ് മകൾ ജിജിയെ കൊറ്റനല്ലൂർ കരിയാറ്റിൽ കൊടിയൻ ജെയിക്കബ് മകൻ റോയി വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ റോസ്മി, ജെറിൻ.

3.23. ജോസ് മകൻ ഫോജി വരാപ്പുഴ തളിയത്ത് മത്തായി മകൾ സ്മിതയെ വിവാഹം ചെയ്തു. ഫോജി ബികോം ബാംഗ്ലൂരിൽ എക്കൗണ്ടന്റായി ജോലി ചെയ്യുന്നു. ഇവർക്ക് മരിയ ഗ്രേസ് എന്ന മകളുണ്ട്.

ഇത്തളേത്തുകാർ


കുഞ്ഞിപൈലൻ
ത്രേസ്യക്കുട്ടി
ലില്ലി
ബേബി
ടോമി
വത്സ
കൊച്ചൗസേപ്പ്
തോമസ്
പോളി
ജോയി
കുഞ്ഞുവറിയത്
ഒന്നാംവിവാഹം
തോമസ്
രാംവിവാഹം
എമിലി
ചിന്നമ്മ
ജോർജ്ജ്
ആന്റണി
ഫിൽസി
ഷീന
കുഞ്ഞിതോമൻ
കൊച്ചാഗസ്തി
ടോമി
ഫിലോമി
മേരീസ്
കൊച്ചുറോസമ്മ
മാത്തിരി
മേരി

ഒന്നാം തലമുറ

1.1. മേൽപറഞ്ഞ തോമൻ മകൻ കുഞ്ഞിതോമന്റെ പിൻതുടർച്ചക്കാരാണ് ഇത്തേളത്തു പറമ്പുകാർ. കുഞ്ഞിതോമൻ ചാലക്കുടി ഉള്ളാട്ടികുളം കുഞ്ഞിപൈലോത് മകൾ കുഞ്ഞാളിച്ചിയെ വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞിപൈലൻ, കൊച്ചൗസേപ്പ്, കുഞ്ഞുവറീത്, കൊച്ചാഗസ്തി, കൊച്ചുറോസമ്മ, മാത്തിരി, മേരി എന്ന 7 മക്കൾ ഉണ്ടായി. മേരിയെന്ന മകൾ 11 വയസ്സിൽ മഞ്ഞപിത്തം മൂലം മരിച്ചു.

1.2. കുഞ്ഞിതോമൻ മകൻ കുഞ്ഞിപൈലൻ പുത്തൻപള്ളി തളിയത്ത് കൊച്ചാപ്പു മകൾ അന്നയെ വിവാഹം ചെയ്തു. കുഞ്ഞിപൈലൻ തോട്ടാപ്പിള്ളി തറവാട്ടിലെ ഇപ്പോഴത്തെ ഏറ്റവും പ്രായംകൂടിയ കാരണവരാണ്. 92 വയസ്സ്. അന്നം 83 വയസ്സിൽ 1995 ൽ നിര്യാതയായി. ഇവർക്ക് ത്രേസ്യാക്കുട്ടി, ലില്ലി, ടോമി, വത്സ, ബേബി എന്ന 5 മക്കൾ.

1.3. കുഞ്ഞിതോമൻ മകൻ കൊച്ചൗസേപ്പ് വൈന്തല കണിച്ചായി പൗലോസ് മകൾ ക്ലാരയെ വിവാഹം ചെയ്തു. ഇവർക്ക് തോമാസ്, പോളി, ജോയി 3 ആൺമക്കൾ ഉണ്ടായി. കൊച്ചൗസേപ്പ് 1996 ലും ക്ലാര 1988 ലും മരിച്ചു.

1.4. കുഞ്ഞിതോമൻ മകൻ കുഞ്ഞുവറീത് പുത്തൻപള്ളി വിതയത്തിൽ ജോസഫ് മകൾ മറിയംകുട്ടിയെ വിവാഹം ചെയ്തു. മറിയംകുട്ടി 1943 ൽ ആദ്യ പ്രസവത്തോടെ മകൻ തോമാസിന്റെ ജൻമസമയത്ത് മരിച്ചു. രണ്ടാമത് 1945 ൽ പുത്തൻചിറ പാനികുളം ജോർജ്ജിന്റെ മകൾ റോസിയെ വിവാഹം ചെയ്തു. കുഞ്ഞവറീത് 1939ൽ BA പാസായി. ഇദ്ദേഹമാണ് തോട്ടാപ്പിള്ളി തറവാട്ടിലും കാരൂരിൽ തെന്നെയും ആദ്യമായി ഗ്രാജ്വേറ്റ് പാസ്സായത്. അതിനാൽ സമീപപ്രദേശങ്ങളിൽ ഇദ്ദേഹത്തെ ബി.എ.ക്കാരനെന്ന് അഭിസംബോധന ചെയ്യുക പതിവാണ്. 1942ൽ ആളൂർ RMHS സ്ഥാപക ആദ്യ ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. 1946ൽ B.Ed പാസ്സായി. 1950ൽ HM ആയിരിക്കെ സ്കൂളിന്റെ മാനേജർ കൂടി ആയി. 34 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം 60-ാം വയസ്സിൽ 1979ൽ റിട്ടയർ ചെയ്തു. കൂടാതെ ഇദ്ദേഹം ഒരു പൊതുതൽപരനും കാരൂരിന്റെ അഭിവൃദ്ധിക്ക് വേണ്ടി അശ്രാന്തം പ്രയത്നിച്ചിട്ടുള്ളയാളുമാണ്. കാരൂരിൽ സ്കൂൾ വന്നതും കാരൂർ റോഡ് വന്നതുമൊക്കം ഇദ്ദേഹത്തിന്റെയും കൂടിയുള്ള പരിശ്രമഫലമാണ്. കുഞ്ഞവറീതിന് ആദ്യഭാര്യയിൽ തോമസും രണ്ടാംഭാര്യയിൽ എമിലി, ചിന്നമ്മ, ജോർജ്ജ്, ആന്റണി, ഫിൽസി, ഷീന എന്നിങ്ങനെ 7 മക്കൾ.

1.5. കുഞ്ഞിതോമൻ മകൻ കൊച്ചാഗസ്ഥി ഒല്ലൂര് അക്കര ദേവസ്സിക്കുട്ടി മകൾ കുഞ്ഞന്ന (ആനി) ത്തെ വിവാഹം ചെയ്തു. ഇവർക്ക് ടോമി ഒരു മകനും ഫിലോമി, മേരിസ് എന്ന 2 പെൺമക്കളും. കൊച്ചാഗസ്ഥി 13-4-82 ൽ മരിച്ചു.

1.6. കുഞ്ഞിതോമൻ മകൾ കൊച്ചുറോസമ്മയെ തുറവൂർ മംഗലി പൗലോ മകൻ ജോസഫ് (അപ്പച്ചൻ) വിവാഹം കഴിച്ചു.

1.7. മാത്തിരി ക്ലാരമഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. സി. ഗ്ലാഡിസ് എന്ന പേർ സ്വീകരിച്ചു.

രണ്ടാം തലമുറ

2.1. കുഞ്ഞിപൈലൻ മകൾ ത്രേസ്യാക്കുട്ടിയെ ചൊവ്വര മുള വരിക്കൽ അന്തോണി മകൻ ഇട്ടീര വിവാഹം കഴിച്ചു. ത്രേസ്യക്കുട്ടിയും ഇട്ടീരയും ചാലക്കുടിയിൽ താമസമാണ്.

2.2. കുഞ്ഞിപൈലൻ മകൾ ലില്ലിയെ എടക്കുളം ഊക്കൻ ലോനപ്പൻ മകൻ ചെറിയാൻ വിവാഹം കഴിച്ചു.

2.3. കുഞ്ഞിപൈലൻ മകൾ വത്സയെ കഴുപ്പള്ളി മാളിയേക്കൽ ചെറിയാൻ മകൻ ജോസും വിവാഹം കഴിച്ചു.

2.4. കുഞ്ഞിപൈലൻ മകൻ ബേബി പരിയാരത്ത് കിഴക്കൂടൻ ജോസഫ് മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ബേബി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി റിട്ടയർ ചെയ്തു. ഇവർക്ക് ബിജു ഒരു മകനും ബിനു, ബിനി, ബിന്ധ്യ എന്നീ 3 പെൺമക്കളും ഉണ്ടായി. ബിജു റൂബിയെ വിവാഹം ചെയ്തു

2.5. കുഞ്ഞിപൈലൻ മകൻ ടോമി BPED പാസ്സായി. ചാലക്കുടി കാർമൽ ഹൈസ്കൂൾ ടീച്ചറായി റിട്ടർചെയ്തു. കോതമംഗലം ഓല്യാപുറം ജോസഫ് മകൾ സോഫിയെ വിവാഹം ചെയ്തു. ഇവർക്ക് ബിവിഷ്, അജീഷ്, പവൽ എന്നീ 3 ആൺമക്കൾ. ബിവീഷ്, അജീഷ് വിവാഹിതരാണ്.

2.6. കൊച്ചൗസേപ്പ് മകൻ തോമസ് പുതുക്കാട് പുളിക്കൽ ജോസഫ് മകൾ റോസ്സിലിയെ വിവാഹം ചെയ്തു. ഇവർക്ക് 3 പെൺമക്കൾ. സോഫി, ജോഫി, ഹാപ്പി 3 പേരും BA പാസായി.

2.7. കൊച്ചൗസേപ്പ് മകൻ പോളി പരിയാരം പടയാട്ടി മൂത്തേടൻ ഔസേപ്പുണ്ണി മകൾ റോസിയെ വിവാഹം ചെയ്തു. ലൈസി, ഷീല, നൈസി എന്നീ 3 പെൺമക്കളും ജോപോൾ, മാർട്ടിൻ എന്നീ 2 ആൺമക്കളും. ജോപോളും മാർട്ടിനും മസ്ക്കറ്റിൽ ഉദ്യോഗസ്ഥൻമാരാണ്.

2.8. കൊച്ചൗസേപ്പ് മകൻ ജോയി കുമ്പളം കുന്നുകൽ കല്ലറയ്ക്കൽ ചാക്കോ മകൾ ഡെയ്സിയെ വിവാഹം ചെയ്തു. ഇവർക്ക് റിജ, റിങ്കു എന്നീ രണ്ട് പെൺമക്കളും അരുൺ എന്ന ഒരു മകനും ഉണ്ടായി. അരുൺ (ആന്റോ) കമ്പ്യൂട്ടർ ഡിപ്ലോമ കോഴ്സ് പാസായി ജോലി ചെയ്യുന്നു.

2.9. കുഞ്ഞുവറീത് മകൾ എമിലിയെ വൈന്തല കണിച്ചായി ജേക്കബ് വക്കീലിന്റെ മകൻ ജോസ് വിവാഹം കഴിച്ചു. എമിലി BScയും ജോസ് BSc (Ag) പാസ്സായിട്ടുള്ളവരാണ്.

2.10. കുഞ്ഞുവറീത് മകൾ ചിന്നമ്മയെ വാപ്പാലശ്ശേരിയിൽ പയ്യപ്പിള്ളി കൊളുവൻ ദേവസ്സിക്കുട്ടി മകൻ ജോസഫ് വിവാഹം കഴിച്ചു. ചിന്നമ്മ BSc, BEd പാസ്സായി തിരുവനന്തപുരത്ത് കോട്ടൺഹിൽ ഗവൺമന്റ് ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ് ആയിരുന്നു. ജോസഫ് Bsc എഞ്ചിനിയറിംഗ് പാസ്സായി. ഹിന്ദുസ്ഥാൻ ലാറ്റക്സിൽ DGM ആയിരുന്നു. അവർ വാപ്പാലശ്ശേരിയിൽ താമസമാക്കി.

2.11. കുഞ്ഞുവറീത് മകൾ ഫിൽസിയെ കുഴുപ്പിള്ളി മാളിയേക്കൽ ചുമ്മാറിന്റെ മകൻ പീറ്റർ വിവാഹം കഴിച്ചു. അവർ ബറോഡയിൽ താമസിക്കുന്നു. പീറ്റർ ഇപ്പോൾ അബുദാബിയിലാണ്.

2.12. കുഞ്ഞുവറീത് മകൾ ഷീനയെ അങ്കമാലി പാറക്കൽ തോമാസിന്റെ മകൻ ജോസ് വിവാഹം കഴിച്ചു. ഷീന BSc, BEd പാസ്സായി. ജോസ് CA പാസ്സായി. Merchem Ltd ൽ AGM ആണ്. അവർ ചങ്ങമ്പുഴ നഗറിൽ താമസമാക്കി.

2.13. കുഞ്ഞുവറീത് മകൻ തോമാസ് പുത്തൻപള്ളി തളിയത്ത് ജെയിക്കബ് കൊച്ചുത്രേസ്യയെ വിവാഹം ചെയ്തു. കൊച്ചുത്രേസ്യ MSc പാസ്സായിട്ടുണ്ട്. തോമാസ് കേരള സർവ്വകലാശാലയിൽനിന്നും ആദ്യ എഞ്ചിനീയറിങ്ങ്ബിരുദധാരിയാണ്. അത്താണി സിൽക്ക് കമ്പനിയിൽ ചീഫ് മാനേജരായിരുന്നു. അവർ കുട്ടനല്ലൂരിൽ താമസിക്കുന്നു. അവർക്ക് ഓബിൻ ഒരു മകനും, ഈവിലിൻ, റോസിൻ 2 പെൺമക്കളും ഉണ്ട്. ഓബിൻ കെമിക്കൽ എഞ്ചിനായറിങ്ങ് ഡിഗ്രി പാസ്സായി ൽ മാനേജരായി ജോലിചെയ്യുന്നു. ഈവ്ലിൻ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ MDപാസ്സായി റോസിൻ സോഫ്റ്റ്വെയർ എൻജിനിയറാണ്.

2.14. കുഞ്ഞുവറീത് മകൻ ജോർജ്ജ് വർഗ്ഗീസ് തൃശൂർ കോളേങ്ങാടൻ മാണിയുടെ മകൾ ടെസ്സിയെ വിവാഹം ചെയ്തു. ടെസ്സി BSc പാസായിട്ടുണ്ട്. ജോർജ്ജ് BSc യും കൗൺസിലിങ്ങ് ഡിപ്ലോമയും പാസായിട്ടുണ്ട്. അവർ എറണാകുളത്ത് പാലാരിവട്ടത്ത് താമസമാക്കി. അവർക്ക് റോസ്മോൾ എന്ന ഒരു മകൾ മാത്രമാണുള്ളത്.

2.15. കുഞ്ഞുവറീത് മകൻ ആന്റണി ഞാറയ്ക്കൽ ചെറിയാൻ മുളരിക്കൽ മകൾ ഷീലയെ വിവാഹം ചെയ്തു. ഷീല BSc പാസായിട്ടുണ്ട്. ആന്റണി MA പാസായി. മദ്രാസിൽ NIIT യിൽ DGM ആണ്. അവർ കുടുംബസമേതം അവിടെ താമസമാണ്. മക്കൾ അനീഷ് വിഷ്വൽ മീഡിയ സ്ഷ്വലിസ്റ്റ്, അവിനാഷ് ചൈനയിൽ MBBS വിദ്യാർത്ഥിയുമാണ്.

2.16. കൊച്ചാഗസ്തി മകൾ ഫിലോമിയെ കോട്ടപടിയിൽ മുട്ടത്ത് ജോൺ മകൻ വർഗ്ഗീസ് വിവാഹം കഴിച്ചു.

2.17. കൊച്ചാഗസ്തി മകൾ മേരീസിനെ പരിയാരത്ത് കിഴക്കൂടൻ ഉറുമീസ് മകൻ ജെയിക്കബ് (ചാക്കപ്പൻ) വിവാഹം കഴിച്ചു.

2.18. കൊച്ചാഗസ്തി മകൻ ടോമി മഞ്ഞപ്ര വടക്കുംഞ്ചേരിൽ ജോസഫ് മകൾ ബീനയെ വിവാഹം ചെയ്തു. ഇവർക്ക് ഡിന്നമോൾ മാത്രം. ഡിന്ന BSC പാസ്സായി. ഇപ്പോൾ MCA യ്ക്ക് പഠിക്കുന്നു.

മൂന്നാം തലമുറ

3.1. ബേബി മകൻ ബിജു കോട്ടയത്ത് വലിയവീട്ടിൽ സെബാസ്റ്റ്യൻ മകൾ റൂബിയെ വിവാഹം ചെയ്തു അവർക്ക് 2 മക്കൾ ഡെയ്സിൻ, ജോയൽ

3.2. ബേബി മകൾ ബിനുവിനെ പിറവത്ത് പ്ലാക്കൽ ചാക്കോ മകൻ ഷിജി വിവാഹം കഴിച്ചു.

3.3. ബേബി മകൾ ബിനിയെ കാഞ്ഞൂര് പടയാട്ടി ജോസ് മകൻ ഷിബു വിവാഹം കഴിച്ചു. ബിനി ടീച്ചറാണ്.

3.4. ബേബി മകൾ ബിന്ധ്യയെ കുത്തിയതോട് തച്ചിൽ മാത്യു മകൻ ജോസ് വിവാഹം കഴിച്ചു.

3.5. ടോമി മകൻ ബിവിഷ് കാടുകുറ്റിയിൽ കുടിയിരിപ്പിൽ പോളി മകൾ റോസിനെ വിവാഹം ചെയ്തു. 2 മക്കൾ രാഹുൽ, രോഹിത്

3.6. ടോമി മകൻ അജിഷ് മാള എടാട്ടുകാരൻ ജോർജ് മകൾ ബിജിയെ വിവാഹം ചെയ്തു. ഒരു മകൾ

3.7. ടോമി മകൻ പവൽ നഴ്സിങ്ങ് കഴിഞ്ഞ് ബോംബേയിൽ ജോലിചെയ്യുന്നു.

3.8. തോമസ് മകൾ സോഫിയെ കൽപറമ്പിൽ പുന്നാപറമ്പിൽ ഊക്കൻ ഔസേപ്പ് മകൻ പിയൂസ്സ് വിവാഹം കഴിച്ചു. പിയൂസ്സ് ഹൈസ്കൂൾടീച്ചറാണ്.

3.9. തോമസ് മകൾ ജോഫിയെ പുതുക്കാട് പുളിക്കൽ കുഞ്ഞുവറീത് മകൻ തോമസ് വിവാഹം കഴിച്ചു. തോമാസ് കാത്തലിക് സിറിയൻ ബാങ്കിൽ ഓഫീസറാണ്.

3.10. തോമസ് മകൾ ഹാപ്പിയെ കാഞ്ഞൂര് പടയാട്ടി ദേവസ്സിക്കുട്ടി മകൻ മാത്യു വിവാഹം കഴിച്ചു. ബിസിനസ്സ്.

3.11. പോളി മകൾ നൈസിയെ പാലക്കാട് ചാലിശ്ശേരി ചുമ്മാര് മകൻ പയസ്സ് വിവാഹം കഴിച്ചു. പയസ്സ് റെയിൽവേയിൽ TTE ആണ്.

3.12. പോളി മകൾ ലൈസിയെ പനങ്ങാട് ചാത്തമ്മ അറക്കൽ ജോസഫ് മകൻ തോമാസ്സ് വിവാഹം കഴിച്ചു.

3.13. പോളി മകൾ ഷീലയെ കർണ്ണാടക സ്റ്റേറ്റിൽ ബൈന്ദൂർ കോതമംഗലം എലിഞ്ഞിക്കൽ ജോയി മകൻ ജോസ്സ് വിവാഹം കഴിച്ചു. ജോസ് ഖത്തറിലാണ്

3.14. പോളി മകൻ ജോ ഇടുക്കി കുഴിയാലിൽ മാത്യു മകൾ ബിന്ദുവിനെ വിവാഹം കഴിച്ചു. ബിന്ദു ഗൾഫിൽ നഴ്സാണ്. ഇവർക്ക് റീസ എന്ന ഒരു മകൾ ഉണ്ട്.

3.15. പോളി മകൻ മാർട്ടിൻ പരിയാരത്ത് കവലക്കാട്ട് ചിറപ്പണത്ത് ചാക്കോ മകൻ ഹെമിയെ വിവാഹം കഴിച്ചു.

3.16. ജോയ് മകൾ റിജയെ ഞാറയ്ക്കൽ പുത്തനങ്ങാടി ചെറിയാൻ മകൻ ജസ്റ്റിൻ എറണാകുളത്ത് ബിസിനസ്സ് നടത്തുന്നു.

3.17. ജോയ് മകൾ റിങ്കുവിനെ മുരുങ്ങൂർ പുല്ലൻ പോൾ മകൻ എബി (എബ്രഹാം) വിവാഹം കഴിച്ചു. റിങ്കു BA പഠിച്ചിട്ടുണ്ട്. എബി നിലഗിരി കോട്ടഗിരി Tea എസ്സ്റ്റേറ്റിൽ മാനേജരാണ്.

3.18. തോമസ് (കുട്ടപ്പൻ) മകൻ ഓബിൻ ഏറ്റുമാനൂർ പാറേക്കാട്ടിൽ ജോസഫ് മകൾ ന്യൂബിയായെ വിവാഹം കഴിച്ചു.

3.19. തോമസ് മകൾ ഈവ്ലിനെ കൊഴുവനാലിൽ മാൻതറ അബ്രാഹം മകൻ ജോ വിവാഹം ചെയ്തു.

3.20. ടോമി മകൾ ഡിന്നയെ വൈന്തല കണിച്ചായി അപ്പച്ചൻ (ജോസഫ്) മകൻ ടോണി വിവാഹം കഴിച്ചു. ഇവർക്ക് സൂരജ്, കിരൺ എന്നീ 2 ആൺമക്കളുണ്ട്.